ശ്രീനാരായണ പരമ ഗുരുവേ നമ

# എസ്. എൻ. ഡി. പി. യോഗത്തിന്റെ 114 – ാമത് വാർഷിക പൊതുയോഗത്തിൽ ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ അവതരിപ്പിക്കുന്ന റിപ്പോർട്ട്.

ആദരണിയനായ യോഗ അദ്ധ്യക്ഷൻ എസ്.എൻ.ഡി.പി.യോഗം പ്രസിഡന്റ് ഡോ.സോമൻ അവർകളെ, പ്രിയപ്പെട്ട യോഗം വൈസ് പ്രസിഡന്റ് ശ്രീ. തുഷാർ വെള്ളാപ്പള്ളി അവർകളെ, സ്നേഹമുള്ള ദേവസ്വം സെക്രട്ടറി ശ്രീ.അരയാക്കണ്ടി സന്തോഷ് അവർകളെ, കോവിഡ് മഹാമാരി ഉയർത്തുന്ന ഭീഷണിക്കിടയിലും ഈ യോഗത്തിൽ പങ്കെടുക്കുന്ന യോഗവാർഷിക പ്രതിനിധിക ളായ എന്റെ പ്രിയ സഹപ്രവർത്തകരെ, നിങ്ങൾക്കെല്ലാവർക്കും ഗുരുദേവ തൃപ്പാദങ്ങളുടെ മഹനീയ നാമത്തിൽ നിറഞ്ഞ മനസ്സോടെ ഒരിക്കൽക്കൂടി സ്വാഗതം അരുളുന്നു.

## അനുശോചനം

റിപ്പോർട്ട് കാലയളവിൽ സമൂഹത്തിന്റെ വിവിധ തലങ്ങളിലും എസ്.എൻ.ഡി.പി.യോഗതല ത്തിലും നിസ്തുരമായ സംഭാവനകൾ നൽകിയ നിരവധി മഹത് വ്യക്തിത്വങ്ങൾ നമ്മെ വിട്ടുപിരി ഞ്ഞു പോയിട്ടുണ്ട്. കേരളത്തിന്റെ വിപ്ലവനക്ഷത്രം കെ.ആർ ഗൗരിയമ്മ, ഇന്ത്യുടെ മുൻ രാഷ്ട്രപതി പ്രണാബ് മുഖർ ജി, എം.പി.വീരേന്ദ്രകുമാർ, ശിവഗിരി ധർമ്മസംഘം മുൻ പ്രസിഡന്റ് ബ്രഹ്മശ്രീ പ്രകാശാന്ദ സ്വാമികൾ, മാർക്രിസോസ്റ്റം വലിയ മെത്രാപ്പോലിത്ത, ശിവഗിരി ധർമ്മസംഘം ട്രസ്റ്റ് അംഗങ്ങളായ സ്വാമി സർവ്വേശ്വരാനന്ദ, സ്വാമി ലോകേശാന്ദ, എസ്.എൻ.ഡി.പി.യോഗത്തിന്റെ മുൻ സെക്രട്ടറി കാവ്വാട് മാധവൻ കുട്ടി, മുൻയോഗം കൗൺസിലർമാരായ ഷാജി ബോൺസലെ, ഇ.കെ മുരളീധരൻ മാസ്റ്റർ, ഷാജി വെട്ടൂരാൻ എന്നിവരും, കേരളാ കോൺഗ്രസ് നേതാവും മുൻ മന്ത്രിയുമായിരുന്ന ആർ.ബാലകൃഷ്ണപിള്ള, കടയ്ക്കൽ എസ്.എൻ.ഡി.പി.യൂണിയൻ സെക്രട്ടറി പി.കെ.ശശാങ്കൻ, വൈപ്പിൻ എസ്.എൻ.ഡി.പി.യൂണിയൻ സെക്രട്ടറി ശ്യാംദാസ്, കണിച്ചുകുളങ്ങര എസ്.എൻ.ഡി.പി.യൂണിയൻ സെക്രട്ടറി കെ.കെ മഹേശൻ, കൊയിലാണ്ടി യൂണിയൻ സെക്രട്ടറി ഊട്ടേരി രവീന്ദ്രൻ, തലശ്ശേരി യൂണിയൻ പ്രസിഡന്റ് പി.സി.രഘുറാം, കുന്നംകുളം യൂണിയൻ പ്രസിഡന്റ് കെ.രഘുനാഥൻ കോഴിക്കോട് സിറ്റിയൂണിയൻ കൺവീനർ സതീഷ് കുറ്റിയിൽ, പെരിങ്ങോട്ടുകര യൂണിയൻ പ്രസിഡന്റ് സൂര്യപ്രമുഖൻ, എസ്.എൻ.ഡി.പി. യോഗം മുൻ കൗൺസിലർ എൻ.പി.സത്യപാൽ, മുൻ ചേർത്തല യൂണിയൻ സെക്രട്ടറി പി.കെ.സുരേന്ദ്രൻ, മുൻ ചങ്ങനാശ്ശേരി യൂണിയൻ സെക്രട്ടറി പി.ജി തങ്കപ്പൻ, റാന്നി എസ്.എൻ.ഡി.പി.യൂണിയൻ മുൻസെക്രട്ടറി വി.എൻ.ത്യാഗരാജൻ, എസ്.എൻ.ട്രസ്റ്റ് മുൻ എക്സിക്യൂട്ടീവ് അംഗം അഡ്വ.സി.ആർ.ജയപ്രകാശ്, അടിമാലി എസ്.എൻ.ഡി.പി.യോഗം മുൻപ്രസിഡന്റ് പി.എൻ. രാഘവൻ, കൊല്ലം യൂണിയൻ മുൻ പ്രസിഡന്റ് ബി.പുരുഷോത്തമൻ, പുനലൂർ എസ്.എൻ.ഡി.പി. യൂണിയൻ പ്രസിഡന്റ് അർച്ചന രവീന്ദ്രൻ, മുൻ യൂണിയൻ വൈസ് പ്രസിഡന്റുമാരായ പി.കെ മുരളീധരൻ കണയന്നൂർ, കെ.പീംതാംബരൻ അടൂർ, ഇടവൂർ വിജയൻ മലപ്പുറം, മുൻ എസ്.എൻ.ഡി.പി.യോഗം ഡയറക്ടർമാരായ അഡ്വ.അനിൽ ഭാസ്കർ പത്തനംതിട്ട, കെ.കെ. രാജപ്പൻ പുൽപ്പള്ളി, വി.പീതാംബരൻ കാർത്തികപ്പള്ളി, മോഹനൻ പന്തളം, ശ്രീധരൻ ഉതുമ, ഹെലിഹോപ്റ്റർ അപകടത്തിൽ മരണപ്പെട്ട ഇന്ത്യയുടെ സംയുക്ത സൈനിക മേധാവി ജനറൽ

വിപിൻ റാവത്ത്, അദ്ദേഹത്തിനൊപ്പം മരണം വരിച്ച ധീര ജവാന്മാർ, കൂടാതെ രാജ്യത്തിനുവേണ്ടി ധീര രക്തസാക്ഷിത്വം വരിച്ച ജവാന്മാർ, കോവിഡ് മഹാമാരി കവർന്നെടുത്ത ആരോഗ്യ പ്രവർത്തകർ ഉൾപ്പെടെയുള്ളവർ, പ്രകൃതി ദുരന്തങ്ങൾക്ക് ഇരയായി ജീവൻ നഷ്ടപ്പെട്ടവർ, ഇന്ത്യയുടെ കലാ-സാഹിത്യ-സാംസ്കാരിക-സാമൂഹ്യ രംഗങ്ങളിൽ റിപ്പോർട്ട് കാലയളവിൽ നമ്മെ വിട്ടുപോയ മഹത് വ്യക്തികൾ എന്നിവരുടെ ദേഹ വിയോഗത്തിൽ ഈ യോഗം അനുശോചനം അറിയിക്കുകയും അവരുടെ ആത്മാവിന് നിത്യ ശാന്തിക്കായി പ്രാർത്ഥിക്കുകയും അവരുടെ കുടുംബാംഗങ്ങളുടെ തീരാദുഖത്തിൽ പങ്കുചേരുകയും ചെയ്യുന്നു.

## യോഗവാർഷിക പൊതുയോഗം കോവിഡ് കാലഘട്ടത്തിൽ നടത്താൻ നമ്മൾ എന്തുകൊണ്ട് നിർബന്ധിതരായി.

സങ്കീർണ്ണമായ കൊറോണ കാലഘട്ടിലും എസ്.എൻ.ഡി.പി.യോഗ വാർഷിക പൊതുയോഗം നടത്തേണ്ട വളരെ സങ്കീർണ്ണമായ ഒരു വിഷമഘട്ടത്തിലാണ് എസ്.എൻ.ഡി.പി.യോഗത്തിന്റെ സംഘടനാ ശത്രുക്കൾ നമ്മെ എത്തിച്ചിരിക്കുന്നത്. ഈഴവ, തീയ്യ സമുദായത്തിന്റെ വൈദികവും, ലൗകീകവും, വ്യാവസായികവും, വിദ്യാഭ്യാസ പരവുമായ ഉന്നതിക്കുവേണ്ടി ശ്രീനാരായണ ഗുരുദേവ തൃപ്പാദങ്ങൾ സ്ഥാപിച്ച ശ്രീനാരായണ ധർമ്മ പരിപാലനയോഗം 1903 ൽ തിരുവിതാംകൂർ രാജ്യത്ത് നിലവിലിരുന്ന ലളിതമായ കമ്പനി നിയമത്തിന്റെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്ത സംഘടനയാണ്. ഇന്ത്യയുടെ സ്വാതന്ത്ര്യാനന്തരം ഈ നിയമത്തെ തന്നെ മൂല നിയമമായി അംഗീകരിച്ച് ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ വിവിധ തിരുത്തലുകളും കൂട്ടിചേർക്കലുകളും പുതിയ വകുപ്പുകളും പിന്നീട് കമ്പനി നിയമത്തിന്റെ ഭാഗമായി. ഈ മാറ്റങ്ങളും കൂട്ടി ചേർക്കലുകളും എസ്.എൻ.ഡി.പി.യോഗം പ്രവർത്തകർ ഗൗരവമായി പ്രവർത്തനമേഖയിൽ പരിഗണിക്കാതെ കടന്നു പോയി. അവരുടെ ലക്ഷ്യം എസ്.എൻ.ഡി.പി.യോഗത്തിന്റെ വളർച്ചയും ശ്രീനാരായണ ധർമ്മപ്രചരണവും, സമുദായ അംഗങ്ങളുടെ അവകാശ സംരക്ഷണവും ക്ഷേമവും മാത്രമാണ്. എന്നാൽ ജനാധിപത്യ രീതിയിൽ തെരഞ്ഞെടുപ്പിനെ നേരിട്ട് യോഗ നേതൃത്വത്തിലേക്ക് കടന്നു വരുവാൻ കഴിയാത്ത അധികാര മോഹികളാണ് എന്നും സങ്കീർണ്ണമായ നിയമ കുരുക്കുകൾ സൃഷ്ടിച്ച് എസ്.എൻ.ഡി.പി യോഗത്തെ തകർക്കുവാൻ ശ്രമിച്ചു കൊണ്ടിരിക്കുന്നത്. ഈ പ്രവണത ആദ്യം തലപൊക്കുന്നത് 1966 ലാണ്. എസ്.എൻ.ഡി.പി.യോഗത്തിന്റെ അംഗസംഖ്യ ലക്ഷങ്ങൾ കടന്നപ്പോൾ എല്ലാ അംഗങ്ങളെയും പങ്കെടുപ്പിച്ച് എസ്.എൻ.ഡി.പി.യോഗം വാർഷിക പൊതുയോഗം നടത്തുന്നതിനുള്ള ബുദ്ധിമുട്ട് തിരിച്ചറിഞ്ഞുകൊണ്ട് ആ കാലത്തെ എസ്.എൻ.ഡി.പി.യോഗ നേതൃത്വം നിശ്ചിത എണ്ണം അംഗങ്ങൾക്ക് ഒരു പ്രതിനിധി എന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ നിയമ ഭേദഗതിയും യോഗം ഭാരവാഹി തെരഞ്ഞെടുപ്പു നടത്തുകയും ചെയതു. കമ്പനി നിയമത്തിന്റെ വ്യാഖ്യാനങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് എസ്.എൻ.ഡി.പി.യോഗത്തെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ പ്രതി സ്ഥാനത്തു നിർത്തിയ അധികാര മോഹികളുടെ പ്രവർത്തനം ചെന്നവസാനിച്ചത് ഹൈക്കോടതി നിയമിച്ച കമ്മീഷൻ ഭരണത്തിലേക്കാണ്. ഈ നിയമയുദ്ധം അവസാനിച്ചത് 1975 ൽ 100 അംഗങ്ങൾക്ക് 1 പ്രതിനിധി എന്ന നിലയിലുള്ള ബൈലോ ഭേദഗതി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ നിർദ്ദേശത്തിനടിസ്ഥാനത്തിൽ കേന്ദ്ര കമ്പനികാര്യ മന്ത്രാലയം അംഗീകരിച്ചതോടുകൂടിയാണ്. നീണ്ട ഇടവേളയ്ക്കു ശേഷം 2005 ൽ കമ്പനി, നിയമ

ങ്ങളുടെ വ്യാഖ്യാനങ്ങളും, നിയമ യുദ്ധവുമായി വീണ്ടും ചില അധികാര മോഹികൾ ഇറങ്ങിത്തിരിക്കുകയും ആ കേസുകളിൽ എസ്.എൻ.ഡി.പി.യോഗം വിജയം കൈവരിക്കുകയും ചെയ്തു. ഇന്ന് എസ്.എൻ.ഡി.പി.യോഗം പ്രവർത്തിച്ചുവരുന്നത് കമ്പനിനിയമം പൂർണ്ണമായി പാലിച്ചുകൊണ്ടാണ്. അത് എന്റെ പ്രിയപ്പെട്ട സമുദായ അംഗങ്ങൾക്ക് സംഘടനാ പ്രവർത്തനങ്ങളുടെ മേഖലകളിൽ ചില പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നു എന്ന വസ്തുത ഞാൻ വിസ്മരിക്കുന്നില്ല. എസ്.എൻ.ഡി.പി.യോഗം എന്ന മഹത്തായ സംഘടനയെ നിയമത്തിന്റെ കുരുക്കിൽപെടാതെ സംരക്ഷിച്ചു നിർത്തുവാനാണ് നമ്മൾ പ്രഥമ പരിഗണന നൽകുന്നത്. ഈ കൊറോണ വ്യാപനഘട്ടത്തിൽ നടക്കുന്ന 114-ാമത് വാർഷിക യോഗം തന്നെ നമ്മൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾക്ക് ഒരു തെളിവാണ്. കമ്പനി നിയമമനുസരിച്ച് ഒരു കമ്പനിയുടെ വാർഷിക പൊതുയോഗങ്ങൾ തമ്മിലുള്ള അകലം ഇപ്പോഴത്തെ സാഹചര്യത്തിൽ 15 മാസത്തിൽ കൂടുവാൻ പാടില്ലാത്തതാകുന്നു. ഇതിൽ മൂന്നുമാസം ദീർഘിപ്പിച്ചു നൽകുവാൻ കമ്പനി രജിസ്ട്രാർക്ക് കമ്പനി നിയമം അധികാരം നൽകുന്നു. കോവിഡ് മഹാമാരിയുടെ അസാധാരണ സാഹചര്യത്തിൽ കേന്ദ്ര കമ്പനികാര്യ മന്ത്രാലയം രാജ്യത്തെ എല്ലാ കമ്പനികൾക്കും 15 മാസം എന്നതിനു പുറമേ 6 മാസം കാലാവധി കൂടി കൂടുതലായി അനുവധിക്കുകയുണ്ടായി. എസ്.എൻ.ഡി.പി.യോഗത്തിന്റെ 113-ാമത് വാർഷികം എസ്.എൻ.ഡി.പി.യോഗത്തിന്റെ ഡയറക്ടർബോഡ് നടത്തുവാൻ തീരുമാനിച്ചത് 2019 ഫെബ്രുവരി മാസം 15-ാം തീയതിയായിരുന്നു. എന്നാൽ എസ്.എൻ.ഡി.പി.യോഗത്തിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുവാൻ നിയമയുദ്ധം നടത്തുന്ന വ്യക്തികൾ ഭാരവാഹി തിരഞ്ഞെടുപ്പ് അജണ്ടയിലില്ലാത്ത ഈ പൊതുയോഗത്തെയും വെറുതേ വിട്ടില്ല. അവർ ബഹുമാനപ്പെട്ട കൊല്ലം മുൻസിപ്പൽ കോടതിയിൽ നിന്ന് സ്റ്റേ ഉത്തരവ് സമ്പാദിച്ചു. തുടർന്ന് എസ്.എൻ.ഡി.പി.യോഗം നൽകിയ അപ്പീൽ ഹർജിയിൽ 27-03-2019 ൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മുന്നു മാസക്കാലം വൈകി 2019 മെയ്മാസം 7-ാം തീയതി മാത്രമാണ് 113-ാമത് വാർഷിക പൊതുയോഗം നമുക്ക് നടത്തുവാൻ കഴിഞ്ഞത്. ആയതിനാൽ കമ്പനി നിയമവും, കേന്ദ്ര ഗവൺമെന്റ് നൽകിയ ഇളവുകളും പരിഹരിച്ചാൽ പോലും 2021 മാർച്ചിന് മുമ്പുതന്നെ 114-ാം മത് എസ്.എൻ.ഡി.പി.യോഗം വാർഷിക പൊതുയോഗം കമ്പനി നിയമമനുസരിച്ച് നമ്മൾ നടത്തേണ്ടിയിരുന്നു. ഈ സമയ ക്രമം കൃത്യമായി പാലിച്ച് യോഗവാർഷികം നടത്തുവാൻ നടപടി ക്രമങ്ങൾ നമ്മൾ പൂർത്തിയാക്കിയ വിവരം നിങ്ങൾക്കെല്ലാവർക്കും അറിവുള്ളതാണല്ലോ. എന്നാൽ എസ്.എൻ.ഡി.പി.യോഗവാർഷികം നിശ്ചിത സമയത്ത് നടത്താതിരിക്കുവാനും അതിലൂടെ എസ്.എൻ.ഡി.പി.യോഗത്തിൽ റിസീവർ ഭരണം എർപ്പെടുത്താമെന്ന് സ്വപ്നം കണ്ട് ചില സംഘടനാ ശത്രുക്കൾ നിയമയുദ്ധവുമായി ഇറങ്ങിത്തിരിച്ചു. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിലും ദേശീയ കമ്പനി ട്രിബ്യൂണലിലും നിരവധി ഹർജികൾ ഇവർ ഫയൽ ചെയ്തു. ഇതിനെത്തുടർന്ന് ദേശിയ കമ്പനി ട്രിബ്യൂണൽ എസ്.എൻ.ഡി.പി.യോഗ വാർഷികം നടത്തുന്നത് താൽക്കാലികമായി നീട്ടിവയ്ക്കണമെന്ന് നിർദ്ദേശിക്കുകയും, തുടർന്ന് എസ്.എൻ.ഡി.പി.യോഗത്തിന്റെ വാദം അംഗീകരിച്ച് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നാഷണൽ കമ്പനി ട്രിബ്യൂണലും പുറപ്പെടുവിച്ച ഇടക്കാല ഉത്തരവുകളുടെ അടിസ്ഥാനത്തിൽ മൂന്ന് മാസക്കാലം വൈകി 22-05-2021 ൽ യോഗവാർഷികം നടത്തുവാനുള്ള നടപടി ക്രമങ്ങളുമായി നാം മുന്നോട്ടുപോയി. കോവിഡ് മഹാമാരിയുടെ അധീവ ഗുരുതരമായ വ്യാപനവും മറുവശത്ത് ജനറൽബോഡി നീട്ടിവയ്

ക്കന്നതിനുള്ള നിയമ തടസവും മുന്നിൽ നിൽക്കുമ്പോഴാണ് യോഗവാർഷികം നീട്ടിവയ്ക്കണമെന്നുള്ള 14-05-2021 ലെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ നിർദ്ദേശത്തെ നാം സ്വാഗതം ചെയ്യുകയും കോവിഡ് വ്യാപനം കുറയുന്നതിനായി പ്രതീക്ഷയോടുകൂടി കാത്തിരിക്കുയും ചെയ്തു. തുടർന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 23.12.2021 ലെ WP (C) NO. 30328 OF 2021 ഹർജിയിലെ ഉത്തരവനുസരിച്ച് ബഹുമാനപ്പെട്ട കേരള ദുരന്തനിവാരണ അതോറിറ്റി കൈക്കൊണ്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈ പൊതുയോഗം നടത്തുവാനുള്ള വേദിയൊരുങ്ങുകയാണ്.

## സംഘടനാരംഗം

നമ്മൾ ഓരോരുത്തരും എസ്.എൻ.ഡി.പി.യോഗ പ്രവർത്തനത്തിന്റെ മുഖ്യധാരയിൽ എത്തിച്ചേർന്നത് ഗുരുദേവ നിയോഗമാണ് എന്ന് ഞാൻ വിശ്വസിക്കുന്നു. നിങ്ങളെന്നെയേൽപ്പിച്ച എസ്.എൻ.ഡി.പി.യോഗം ജനറൽ സെക്രട്ടറി പദത്തിൽ ഞാൻ കാൽ നൂറ്റാണ്ട് പിന്നിടുകയാണ്. ശ്രീനാരായണ ഗുരുദേവ തൃപ്പാദങ്ങളുടെ അനുഗ്രഹവും നിങ്ങളോരോരുത്തരും നൽകുന്ന കലവറയില്ലാത്ത പിൻ തുണയുമാണ് എന്നെ നയിക്കുന്നത്. പിന്നിട്ട കാൽനൂറ്റാണ്ട് കാലത്തെ സംഘടനാ കരുത്തിനും വളർച്ചയ്ക്കും സാക്ഷിപത്രം നൽകേണ്ടത് നിങ്ങളോരോരുത്തരുമാണ്. ഞാനെന്റെ മുഴുവൻ സമയവും സംഘടനയ്ക്കുവേണ്ടി നീക്കി വച്ചപ്പോൾ അതിനൊപ്പം കുടുംബ യൂണിറ്റ് തലം മുതലുള്ള ഭാരവാഹികളും പ്രവർത്തകരും സജീവമായി നിലകൊള്ളുന്നതാണ് നമ്മുടെ പ്രവർത്തന വിജയത്തിനു കാരണം. 1996 ൽ എസ്.എൻ.ഡി.പി.യോഗത്തിന്റെ പുതിയ ഭരണസമിതി അധികാരത്തിൽ വരുമ്പോൾ എസ്.എൻ.ഡി.പി.യോഗത്തെ സംബന്ധിച്ചിടത്തോളം അതിജീവനത്തിനായി പൊരുതുന്ന നാളുകളായിരുന്നു. എന്നാൽ ഇന്ന് എസ്.എൻ.ഡി.പി.യോഗ പ്രവർത്തന രംഗം സംഘടനാ കരുത്തിന്റെയും അഭിമാന ബോധത്തിന്റെയും, ഒരുമയുടെയും, നാളുകളിലൂടെയാണ് കടന്നുപോകുന്നത്. ഈ അവസരത്തിൽ ചെറുതെങ്കിലും എസ്.എൻ.ഡി.പി.യോഗത്തിന്റെ പുറത്തുനിന്നും അകത്തുനിന്നുമുള്ള നിരാശിതരുടെയും അധികാര മോഹികളുടെയും വെല്ലുവിളികളെ ഞാൻ മറക്കുന്നില്ല.

എസ്.എൻ.ഡി.പി.യോഗത്തിന്റെ 113-ാമത് വാർഷിക പൊതുയോഗം 2019 മെയ്മാസം 7-ാം തീയതി ചേർത്തല ശ്രീനാരായണ നഗറിൽ നടന്നു. എസ്.എൻ.ഡി.പി.യോഗത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവുചിലവു കണക്കുകളും റവന്യു അക്കൗണ്ടും ബാക്കി പത്രവും ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടും ഏകകണ്ഠമായി അംഗീകരിച്ചു. 2019-2020 വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് അംഗീകരിച്ച പൊതുയോഗം 2018-2019 വർഷത്തെ കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിന് ഓഡിറ്ററെ തിരഞ്ഞെടുക്കുകയും ഓഡിറ്റർക്കുള്ള പ്രതിഫലം നിശ്ചയിക്കുകയും ചെയ്തു. തുടർന്ന് ഡയറക്ടർമാരുടെ തിരഞ്ഞെടുപ്പ് ഏക കണ്ഠമായി അംഗീകരിച്ചു. റിപ്പോർട്ട് വർഷത്തിൽ എസ്.എൻ.ഡി.പി.യോഗം ഡയറക്ടർ ബോർഡ് കൗൺസിൽ അംഗങ്ങളായി ചുവടെ പേരു ചേർക്കുന്നവരെ തെരഞ്ഞെടുത്തു.

| | | | |
|---|---|---|---|
| 1 | ശ്രീമതി. ഷീബ ടീച്ചർ<br>ചെത്തിപ്പറമ്പിൽ<br>തുരുത്തിപ്പുറം<br>മുത്തകുന്നം(പി.ഒ), എറണാകുളം | 7 | ശ്രീ.പി.കെ പ്രസന്നൻ<br>പൂവത്തും കടവിൽ<br>പൈങ്ങോട് പി.ഒ<br>കൊണത്തുകുന്ന്, തൃശ്ശൂർ |
| 2 | ശ്രീ.ബേബി റാം<br>സരോവരം<br>പുത്തൻ കാട്ടിൽ ഹൗസ്<br>പുല്ലൂറ്റ് (പി.ഒ), തൃശ്ശൂർ | 8 | ശ്രീ.എ.ജി.തങ്കപ്പൻ<br>ആക്കളത്തിൽ, ഗുരുനിവാസ്<br>മണർകാട്.പി.ഒ, കോട്ടയം |
| 3 | ശ്രീ.പി.റ്റി മന്മദൻ<br>പുളിയിൻ ചുവട്ടിൽ<br>പള്ളിപ്പുറം,<br>ചേർത്തല | 9 | ശ്രീ.സന്ദീപ് പച്ചയിൽന<br>പച്ചയിൽ വീട്<br>കാഞ്ഞിരത്തുമൂട്,<br>ആയിരക്കുഴി പി.ഒ, കൊല്ലം |
| 4 | ശ്രീ.സി.എം ബാബു<br>തോട്ടത്തിൽ ഹൗസ്<br>പെരുംതുരുത്ത് പി.ഒ<br>കല്ലറ, കോട്ടയം | 10 | ശ്രീ.എബിൻ അമ്പാടിയിൽ<br>അടൂർ |
| 5 | ശ്രീ.സുന്ദരൻ<br>ലക്ഷ്മിപ്രഭ<br>കടപ്പാക്കട, കൊല്ലം | 11 | ശ്രീ.പി.എസ്.എൻ.ബാബു<br>ലക്ഷ്മിനിവാസ്<br>ചെത്തി പി.ഒ |
| 6 | ശ്രീ.ബിബിൻ രാജ്<br>സുഭാഷ്മന്ദിരം<br>കിളിമാനൂർ, തിരുപനന്തപുരം | | |

റിപ്പോർട്ട് വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറിമാരായി തെരഞ്ഞെടുക്കപ്പെട്ടവർ

| | | | |
|---|---|---|---|
| 1 | ശ്രീ.കെ.ഡി രമേഷ്<br>കുരുക്കുന്നേൽ<br>രാജാക്കാട് | 8 | ശ്രീ.ടി.പി സുന്ദരേശൻ<br>സുന്ദരഭവൻ, മുറിഞ്ഞക്കൽ പി.ഒ<br>കൂടൽ |
| 2 | ശ്രീ.കെ.വി.സദാനന്ദൻ<br>കൊല്ലാറ (ഹൗസ്)<br>വെള്ളായിക്കൽ ലൈൻ<br>കിഴക്കുംപാട്ടുകര (പി.ഒ)<br>തൃശ്ശൂർ | 9 | ശ്രീ.അഡ്വ.എൻ.രാജൻ<br>മഠത്തിൽ (ഹൗസ്)<br>പൂവത്തിങ്കൽ (പി.ഒ)<br>മലപ്പുറം |
| 3 | ശ്രീ.പി.എസ്.വിജയൻ<br>നവീനം<br>കുന്നത്താനം<br>തിരുവല്ല | 10 | ശ്രീ.സി.വി വിജയൻ<br>ചാത്തൻപറമ്പിൽ<br>പടമുകൽ<br>കാക്കനാട് (പി.ഒ), കൊച്ചി |

| | | | |
|---|---|---|---|
| 4 | ശ്രീ.വി.എസ്.രവി<br>ചീരക്കാട്ടിൽ<br>പാഴൂർ ഈസ്റ്റ് (പി.ഒ)<br>പിറവം | 11 | ശ്രീ.വി.പി അശോകൻ<br>ദീപക് നിവാസ്<br>കാരനൂർ (പി.ഒ),<br>കോഴിക്കോട് |
| 5 | ശ്രീ.എൻ.വി.അജിത്ത് കുമാർ<br>മണ്ണിൽ,<br>എരുമേലി | 12 | ശ്രീ.കെ.എ ബാഹുലേയൻ<br>മലയമൂട്ടിൽ, പനയ്ക്കോട് (പി.ഒ)<br>തിരുവനന്തപുരം |
| 6 | ശ്രീ.എം.ആർ ഷാജി<br>മരോട്ടിതറപ്പിൽ<br>കീഴ്പ്പള്ളി (പി.ഒ)<br>കണ്ണൂർ | 13 | ശ്രീ.വനജ വിദ്യാധരൻ<br>ചാരുവിള പുത്തൻ വീട്<br>കൊറ്റയ്ക്കൽ (പി.ഒ),<br>കൊല്ലം |
| 7 | ശ്രീ.കെ.വി സ്വാമിനാഥൻ<br>പ്രശാന്തി<br>ശാന്തിനഗർ<br>അത്താണി പി.ഒ, എറണാകുളം | 14 | ശ്രീ.വി.ജെയേഷ്<br>കുമർന്നനാൽ<br>അരിക്കുഴ പി.ഒ<br>തൊടുപുഴ |

## റിപ്പോർട്ട് വർഷത്തിൽ തെരഞ്ഞെടുക്കപ്പെട്ട എസ്.എൻ.ഡി.പി. യോഗം ഇൻസെക്റ്റിംഗ് ഓഫീസർമാർ

| | | | |
|---|---|---|---|
| 1 | ശ്രീ.റ്റി.ജി സുഭാഷ്<br>തേങ്ങാമൂച്ചി (ഹൗസ്)<br>ചെറുശ്ശേരി<br>തൈക്കാട്ടുശ്ശേരി പി.ഒ, തൃശ്ശൂർ | 7 | അഡ്വ.പി.ആർ.മുരളീധരൻ<br>പനയ്ക്കാതൊട്ടിയിൽ<br>കട്ടപ്പന (പി.ഒ), ഇടുക്കി |
| 2 | ശ്രീ.ഡി.ബാബു<br>കാഞ്ഞിരിപ്പറമ്പിൽ<br>നന്ദിയാട്ട്കുന്ന്<br>നോർത്ത് പറവൂർ പി.ഒ<br>എറണാകുളം. | 8 | ശ്രീ.എസ്.അനിൽ രാജ്<br>അനിൽ ഭവനം<br>പേരൂർകാരായ്മ,<br>ചാരുമൂട് പി.ഒ<br>മാവേലിക്കര |
| 3 | ശ്രീ.അനു<br>മോടപൊയ്ക<br>കോട്ടാൽ തെക്കേൽ ഹൗസ്<br>ചുങ്കത്തറ (പി.ഒ)<br>മലപ്പുറം. | 9 | ശ്രീ.എസ്.രവീന്ദ്രൻ,<br>ഇടമനാംപൊയ്കയിൽ<br>എഴുമറ്റൂർ പി.ഒ,<br>തിരുവല്ല |
| 4 | ശ്രീ.ഷിജു വൈക്കത്തൂർ<br>ആയില്യംനരിൻപറമ്പിൽ (ഹൗസ്)<br>തൊഴുവന്നൂർ വാളാംഞ്ചേരി | 10 | ശ്രീ.എം.ഡി. അഭിലാഷ്<br>മങ്ങനായിൽ, മരട് പി.ഒ<br>ഏറണാകുളം |

| | | | |
|---|---|---|---|
| 5 | ശ്രീ.കെ.പി. രതീഷ് ബാബു<br>ഗ്രീഷ്മ,<br>ടെമ്പിൾ ഗേറ്റ്,<br>തലശ്ശേരി | 11 | ശ്രീ.കെ.കെ പുരുഷോത്തമൻ<br>പുരയ്ക്കൽ<br>മാരാരിക്കുളം നോർത്ത്<br>ആലപ്പുഴ |
| 6 | ശ്രീ.പിറ്റി ലാലു<br>പനത്തറ വീട്<br>പെരിയകാനം പി.ഒ<br>നീലേശ്വരം | 12 | ശ്രീ.സി.സുഭാഷ്<br>പുതുവരിൽ, വിലയപമ്പ് പി.ഒ<br>ഹരിപ്പാട് |

റിപ്പോർട്ട് വർഷത്തിൽ എസ്.എൻ.ഡി.പി.യോഗത്തിന്റെ വിദ്യാഭ്യാസ സെക്രട്ടറിയായി ശ്രീ.സി.പി സുദർശൻ ചിറത്തറ, തണ്ണീർമുക്കം, ചേർത്തല, ആലപ്പുഴ ജില്ല തരഞ്ഞെടുക്കുകയുണ്ടായി.

എസ്.എൻ.ഡി.പി.യോഗത്തിന്റെ 2017-18 വർഷത്തെ വരവ് ചിലവ് കണക്കും റവന്യു അക്കൗണ്ടും ബാക്കി പത്രവും ആഡിറ്റ് റിപ്പോർട്ടും പാസാക്കുന്നതിന് നീട്ടി വയ്ക്കപ്പെട്ട 113-ാമത് വാർഷിക പൊതുയോഗം 2019 ഡിസംബർ മാസം 7-ാം തീയതിയിൽ ചേർത്തല ശ്രീനാരായണ നഗറിൽ യോഗം പ്രസിഡന്റ് ഡോ.എം.എൻ സോമൻ അവറുകളുടെ അദ്ധ്യക്ഷതയിൽ ചേരുകയും 2017-18 സാമ്പത്തിക വർഷത്തെ വരവ് ചിലവ് കണക്കും, റവന്യു അക്കൗണ്ടും, ബാക്കിപത്രവും, ഓഡിറ്റ് റിപ്പോർട്ടും ഏകകണ്ഡമായി അംഗീകരിച്ചു.

റിപ്പോർട്ട് വർഷം 9 ഡയറക്ട് ബോർഡ് യോഗങ്ങളും 19 കൗൺസിൽ യോഗങ്ങളും നടന്നു. കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധികൾ മറ്റ് സംഘടനകളേപ്പോലെ എസ്.എൻ.ഡി.പിയോഗത്തിന്റെ പ്രവർത്തന മേഖലയേയും ബാധിച്ചു. ശാഖാതലങ്ങളിൽ നടത്തപ്പെടുന്ന ചെറിയ കൂട്ടായ്മകൾ പോലും സാധ്യമല്ലാതെ വരികയും യൂണിയൻ തലത്തിൽ നടത്തപ്പെട്ടിരുന്ന പതിവ് സമ്മേളനങ്ങൾ ശ്രീനാരായണ കൺവെൻഷനുകളും മറ്റ് കൂട്ടായ്മകളും നടത്തുവാൻ കഴിയാത്ത പ്രതിസന്ധിയിൽ നാം അകപ്പെട്ടു. എന്നാൽ ഈ അവസ്ഥയിൽ പോലും നാവമാധ്യമങ്ങളേയും ഓൺ ലൈൻ സംവിധാനങ്ങളെയും പരമാവധി ഉപയോഗപ്പെടുത്തി ശ്രീനാരായണ ധർമ്മ പ്രചരണവും സംഘടനാ സന്ദേശങ്ങളുട പ്രചാരണവും നടത്തുവാൻ നമ്മുക്ക് കഴിഞ്ഞു. കോവിഡ് മഹാമാരി മൂലം ബുദ്ധിമുട്ടിയ സമുദായാംഗങ്ങൾക്ക് ആവശ്യമായ സഹായങ്ങൾ എത്തിക്കുവാൻ എസ്.എൻ.ഡി.പി.യോഗത്തിന്റെ എല്ലാ ഘടകങ്ങളും ആത്മാർത്ഥമായ പ്രവർത്തനം കാഴ്ചവച്ചു. ഈ പ്രവർത്തനങ്ങളിലൂടെ എസ്.എൻ.ഡി.പി.യോഗവും സംഘടനാ ഘടകങ്ങളും കോടികണക്കിന് രൂപയുടെ സഹായങ്ങൾ സാധാരണക്കാരിൽ എത്തിക്കുവാൻ കഴിഞ്ഞു. കോവിഡ് വ്യാപനത്തിന്റെ തോത് കുറഞ്ഞപ്പോൾ ഏറ്റവും ആദ്യം പ്രവർത്തന നിരതമായ സംഘടനയാണ് എസ്.എൻ.ഡി.പി.യോഗം. എസ്.എൻ.ഡി.പി.യോഗം വൈസ്പ്രസിഡന്റ് ശ്രീ.തുഷാർവെള്ളാപ്പള്ളിയുടെ നേതൃത്വത്തിൽ സംസ്ഥാന തലത്തിൽ നടത്തിയ സംഘടനാ പരിഘടന പരിപാടികളും മേഖല തിരിച്ചും ജില്ല തിരിച്ചും യൂണിയൻ തലം കേന്ദ്രീകരിച്ചും നടത്തിയ ഭാരവാഹികളുടെയും യൂത്ത് മൂവ്മെന്റ് വനിതാ സംഘം സൈബർ സേന നേതാക്കന്മാരുടെ യോഗങ്ങളും

എസ്.എൻ.ഡി.പി.യോഗ പ്രവർത്തന രംഗത്ത് പുത്തൻ ഊർജം പകർന്നു. എസ്.എൻ.ഡി.പി. യൂത്ത് മൂവ്മെന്റും വനിതാ സംഘവും ജില്ലാതലങ്ങളിലും സംസ്ഥാന തലത്തിലും നടത്തുവാൻ നിശ്ചയിച്ചിരിക്കുന്ന വലിയ സമ്മേളനങ്ങൾക്ക് മുന്നോടിയായിട്ടുള്ള പ്രചാവേലകളും കൂട്ടായ്മകളും സംഘടനയ്ക്ക് ഒരു പുത്തൻ ഉണർവ്വ് നൽകി മുന്നോട്ടുപോകുന്നു. സംഘടനാ വർഷത്തിലെ എസ്.എൻ.ഡി.പി.യോഗ അംഗസംഖ്യ 31,26,379 ആയി വർദ്ദിക്കുകയുണ്ടായി. നിലവിൽ ശാഖായോഗങ്ങളുടെ എണ്ണം 6458 ഉം, എസ്.എൻ.ഡി.പി. യൂണിയനുകളുടെ എണ്ണം 138 ഉം ആണ്. ഇതിൽ റിപ്പോർട്ട് വർഷത്തിൽ കുട്ടനാട് എസ്.എൻ.ഡി.പി.യൂണിയൻ വിഭജിച്ച് രൂപം കൊണ്ട കുട്ടനാട് സൗത്ത് യൂണിയനും, കോഴിക്കോട് യൂണിയൻ വിഭജിച്ച് രൂപീകൃതമായ കോഴിക്കോട് സിറ്റി യൂണിയനും തിരൂർ എസ്.എൻ.ഡി.പി.യൂണിയൻ വിഭജിച്ച് രൂപീകരിച്ചപരപ്പനങ്ങായി യൂണിയനും മാവേലിക്കര, ചെങ്ങന്നൂർ യൂണിയനുകൾ വിഭജിച്ച് രൂപീകൃതമായ മാന്നാർ, ചാരുംമൂട് എസ്.എൻ .ഡി.പി.യൂണിയനുകളും തളിപ്പറമ്പ് യൂണിയനുകൾ വിഭജിച്ച് രൂപീകൃതമായ പയ്യനൂർ യൂണിയനും ഉൾപ്പെടുന്നു. നിലവിൽ 3183 യൂത്ത് മൂവ്മെന്റ് യൂണിറ്റും 5139 വനിതാ സംഘം യൂണിറ്റും 636 ബാലജന യോഗ യൂണിറ്റുകളും 30 വൈദിത യോഗ യൂണിറ്റുകളും രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നു.

## എസ്. എൻ. ഡി. പി. യൂത്ത് മൂവ്മെന്റ്

സമുദായത്തിലെ യുവജന സമൂഹത്തെ എസ്.എൻ.ഡി.പി.യോഗത്തിന്റെ പ്രവർത്തന ധാരയിലേയ്ക്ക് എത്തിക്കുവാൻ പ്രവർത്തിച്ചു വരുന്ന പോഷക സംഘടനയാണ് എസ്.എൻ.ഡി.പി.യൂത്ത് മൂവ്മെന്റ്. ശാഖ, യൂണിയൻ, ജില്ലാ, കേന്ദ്രതലം വരെ വിപുലമായ സംഘടനാ സംവിധാനവും യുവാക്കളുടെ വലിയ നിരയും എസ്.എൻ.ഡി.പി.യൂത്ത് മൂവ്മെന്റിനുണ്ട്. എസ്.എൻ.ഡി.പി.യോഗത്തിന്റെ സമരമുന്നേറ്റങ്ങളുടെ ശക്തി ശ്രോതസ്സായി എസ്.എൻ.ഡി.പി.യൂത്ത് മൂവ്മെന്റ് പ്രവർത്തിക്കുന്നു. കോവിഡ് പ്രതിസന്ധികളുടെ നടുവിലും റിപ്പോർട്ട് വർഷം യൂണിയൻ, ജില്ല, കേന്ദ്രതല പ്രവർത്തനങ്ങൾ സജീവമാക്കുവാനും കോവിഡ് മാനദണ്ഡങ്ങൾക്ക് വിധേയമായി സംഘടാ സമ്മേളനങ്ങൾ നടത്തുവാനും യൂത്ത് മൂവ്മെന്റിന് കഴിഞ്ഞിട്ടുണ്ട്. കോവിഡാനന്തര സംഘടനാ പ്രവർത്തന സജീവത ലക്ഷ്യംവച്ചുകൊണ്ട് യൂത്ത് മൂവ്മെന്റ് ജില്ലാ സമിതികളുടെയും കേന്ദ്രസമിതികളുടെയും നേതൃത്വത്തിൽ വലിയ പ്രവർത്തന മുന്നേറ്റങ്ങൾക്ക് തയ്യാറെടുപ്പുകൾ നടത്തിവരുന്നു. യൂണിയൻ തലത്തിലും ജില്ലാതലത്തിലും സംസ്ഥാന തലത്തിലും ക്യാമ്പുകൾ സംഘടിപ്പിച്ചുകൊണ്ട് എസ്.എൻ.ഡി.പി.യോഗം വൈസ്പ്രസിഡന്റ് ശ്രീ.തുഷാർ വെള്ളാപ്പള്ളി യുടെ ശക്തമായ പിന്തുണയോടുകൂടി സംഘടനയുടെ കേന്ദ്രസമിതി പ്രസിഡന്റ് ശ്രീ.സന്ദീപ് പച്ചയിലും, സെക്രട്ടറി ശ്രീ.രാജേഷ് നെടുമങ്ങാടും മറ്റ് സംഘടനാ ഭാരവാഹികളും എസ്.എൻ.ഡി.പി.യോഗ പ്രവർത്തന മേഖലയിൽ ഒരു നിറ സാന്നിദ്ധ്യമായി നിൽക്കുന്നു.

## എസ്. എൻ. ഡി. പി. യോംവനിതാസംഘം

സംഘടനാ രംഗത്ത് അഭിമാനിക്കാവുന്ന പ്രവർത്തനം കാഴ്ച വയ്ച്ച് മുന്നേറുന്ന പോഷ ക സംഘടനയാണ് എസ്.എൻ.ഡി.പി.യോഗം വനിതാ സംഘം. എസ്.എൻ.ഡി.പി.യോഗം പ്രവർത്തന രംഗത്ത് സ്ത്രീശക്തി നൽകുന്ന സംഘടനാ കരുത്ത് കുടുംബയൂണിറ്റ് തലം മുതൽ എസ്.എൻ.ഡി.പിയോഗം കേന്ദ്രതലം വരെ നിറഞ്ഞുനിൽക്കുന്നു. കുടുംബയൂണിറ്റ് നടത്തിപ്

മൈക്രോഫൈനാൻസ് പദ്ധതിയുടെ നടത്തിപ്പ് ഗുരുദേവ ദർശനം പഠനം, പ്രചാരണം, പ്രീമാരേജ് കൗൺസിലിംഗ് സംഘാടനം, എസ്.എൻ.ഡി.പി.യോഗത്തിന്റെ വിവിധ കാരുണ്യ പദ്ധതികളുടെ നടത്തിപ്പ് എന്നിവയിൽ വനിതാ സംഘം നിർണ്ണായകമായ പ്രവർത്തന പങ്കാളിത്തം നൽകിവരുന്നു. 6458 എസ്.എൻ.ഡി.പി.ശാഖായോഗങ്ങളിൽ 5139 യൂണിറ്റുകൾ രൂപീകരിക്കുവാൻ വനിതാ സംഘത്തിന് കഴിഞ്ഞത് അഭിമാനപൂർവ്വം സ്മരിക്കാം. സംഘടനയുടെ സംസ്ഥാന നേതൃത്വം കേന്ദ്ര സമിതി പ്രസിഡന്റ് ശ്രീമതി പി കൃഷ്ണകുമാരി വൈസ് പ്രസിഡന്റ് ശ്രീമതി ഷാബ ടീച്ചർ, സെക്രട്ടറി ശ്രീമതി.സംഗീതാ വിശ്വസാഥൻ എന്നിവരുടെയും മറ്റ് സംസ്ഥാന ഭാരവാഹികളുടെയും പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്.

## ഏകാത്മകം

എസ്.എൻ.ഡി.പി.യോഗം വനിതാ സംഘ പ്രവർത്തനത്തിലെ അഭിമാന കരമായി ഓർത്തുവയ്ക്കുവാൻ കഴിയുന്ന ഒരു പ്രവർത്തന പരിപാടിയായിരുന്നു ഏകാത്മകം. ശ്രീനാരായണ ഗുരുദേവ തൃപ്പാദങ്ങളുടെ ദാർശനിക ചിന്തയിലെ വൈഢൂര്യമുത്തുമണിപോലെ പ്രകാശിക്കുന്ന ഏകതാ ചിന്തയുടെ കലാ രൂപേണയുള്ള അത്യാകർഷകമായ അവതരമാണമായിരുന്നു ഏകാത്മകം. എല്ലാ ചരാചരങ്ങളും ഏകമാണെന്നും, ദൈവവും, ലോകവും ഞാനും തമ്മിൽ യാതൊരു ഭേദവുമില്ലെന്നും അനുഭൂതിയിലൂടെ തെളിയിച്ച ശ്രീനാരായണ തൃപ്പാദങ്ങളുടെ കൃതിയാണ് കുണ്ഡലിനിപ്പാട്ട്. ഓംകാര മന്ത്രത്തിൽ തുടങ്ങി ലോകത്തുള്ള അറിഞ്ഞതും അറിയാത്തതുമായ എല്ലാം ഒന്നാണെന്നും, അത് പരബ്രഹ്മമാണെന്നും കുണ്ഡലിനിപ്പാട്ടിൽ തൃപ്പാദങ്ങൾ ലോകത്തെ ഓർമ്മപ്പെടുത്തുന്നു. മൂലാധാരത്തിൽ ഉറങ്ങിക്കിടക്കുന്ന ജീവ ശക്തിയെ ഊർജ്ജ ഉറവിടങ്ങളായ ആറ് ചക്രങ്ങൾ പിന്നിട്ട് സഹസ്രപത്മത്തിലേയ്ക്ക് എത്തിച്ച് ജീവാത്മാവിനെ പരമാത്മാവായ പരബ്രഹ്മത്തിൽ ലയിപ്പിക്കുന്ന ക്രിയാത്മക പദ്ധതിയുടെ ആവിഷ്ക്കാരമാണ് കുണ്ഡലിനിപ്പാട്ട്. 2020 ജനുവരിമാസം 18-ാം തീയതി കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമായ തൃശ്ശൂരിലെ വടക്കുംനാഥന്റെ മണ്ണിൽ കുണ്ഡലിനിപ്പാട്ടിനെ മോഹിനിയാട്ട ആവിഷ്ക്കരണത്തിലൂടെ എസ്.എൻ.ഡി.പി.യോഗത്തിന്റെ നേതൃത്വത്തിൽ അയ്യായിരത്തിൽപരം നർത്തകിമാർ ചേർന്ന് അവതരിക്കപ്പെട്ടു. കേരളത്തിന്റെ തനത് കലയാല മോഹിനിയാട്ടത്തിന്റെ നൃത്തച്ചുവടുകളിലൂടെ കുണ്ഡലിനിപ്പാട്ട് അവതരിപ്പിച്ചപ്പോൾ അത് സമാനതകളില്ലാത്ത വിസ്മയമായി മാറി. എസ്.എൻ.ഡി.പി.യോഗത്തിന് എക്കാലത്തും അഭിമാനമായി ലോക ഗിന്നസ് റിക്കാർഡിൽ ഇടം തേടുവാൻ ഈ പരിപാടിക്കു കഴിഞ്ഞു. ഈ ചരിത്രമുഹൂർത്തത്തിൽ ശ്രീനാരായണ ധർമ്മ സംഘം പ്രസിഡന്റായിരുന്ന ബ്രഹ്മശ്രീ പത്മശ്രീ വിശുദ്ധാനന്ദ, സംപൂജ്യ ശ്രീ.രവിശങ്കർ, എസ്.എൻ.ഡി.പി.യോഗത്തിന്റെ ബഹുമാന്യനായ പ്രസിഡന്റ് ഡോ.എം.എൻ സോമൻ, ഇന്ത്യയുടെ വിദേശകാര്യ സഹമന്ത്രി ശ്രീ.വി മുരളിധരൻ, കേരളത്തിന്റെ കൃഷിവകുപ്പ് മന്ത്രിയായിരുന്ന ശ്രീ.വി സുനിൽകുമാർ, കേരളത്തിന്റെ വിദ്യാഭ്യാസ മന്ത്രിയായിരുന്ന ശ്രീ രവീന്ദ്രനാഥ് എന്നിവരുടെ മഹനീയ സാന്നിദ്ധ്യം മറ്റുള്ള എസ്.എൻ.ഡി.പി.യോഗം, യൂണിയൻ, നേതാക്കന്മാർക്കൊപ്പമുണ്ടായിരുന്നു. ഈ കർമ്മ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് അക്ഷീണം പരിശ്രമിച്ച എസ്.എൻ.ഡി.പി.യോഗം വൈസ് പ്രസിഡന്റ് ശ്രീ തുഷാർ വെള്ളാപ്പള്ളി, ദേവസ്വം സെക്രട്ടറി ശ്രീ.അരയക്കണ്ടി സന്തോഷ്, എസ്.എൻ.ഡി.പി.യോഗം കൗൺസലംഗങ്ങൾ, ഡയറക്ട് ബോർഡ് അംഗങ്ങൾ, എസ്.എൻ.ഡി.പി.യൂണിയൻ ഭാരവാഹികൾ വിശിഷ്യ തൃശ്ശൂർ ജില്ലയിലെ യൂണിയൻതല ഭാരവാഹികൾ, യൂണിയൻ കൗൺസലംഗങ്ങൾ എന്നിവർക്ക് പ്രത്യേകം നന്ദിരേഖപ്പെടുത്തുവാൻ ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുന്നു. ഈ പരിപാടിയുടെ സംഘാടക

ചുമതല പ്രധാനമായും നിർവ്വഹിച്ച വനിതാ സംഘം കേന്ദ്രസമിതിയുടെ പ്രസിഡന്റ് ശ്രീമതി പി. കൃഷ്ണകുമാരി, വൈസ് പ്രസിഡന്റ് ശ്രീമതി ഷീബ ടീച്ചർ സെക്രട്ടറി അഡ്വ.സംഗീതാ വിശ്വനാഥൻ ഉൾപ്പെടെ എല്ലാ വനിതാ സംഘം ഭാരവാഹികൾക്കും പ്രത്യേകിച്ച് കുണ്ഡലിനിപ്പാട്ട് നൃത്താവിഷ്ക്കരണത്തിനായി തെരഞ്ഞടുക്കുവാൻ സഹായിക്കുകയും തുടർ പ്രവർത്തനങ്ങൾക്ക് എല്ലാ പിന്തുണയും നൽകി ഒരു സജീവ സാന്നിദ്ധ്യമായി നിലകൊണ്ട ശ്രീമതി പ്രീതി നടേശൻ, ശ്രീ വിജയാനന്ദൻ, ശ്രീ.പി.റ്റി. മന്മഥൻ എന്നിവർക്കും മോഹിനിയാട്ടത്തിന് നേതൃത്വം നൽകിയ നർത്തകി ശ്രീമതി.ധനൂഷ് സന്ന്യാലിനും നൃത്തപരിപാടിയുടെ നിറസാന്നിദ്ധ്യമായ എല്ലാ നർത്തകിമാർക്കും എസ്.എൻ.ഡി.പി.യോഗത്തിന്റെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

## ബാലജനയോഗം, കുമാരിസംഘം, കുമാരസംഘം

ചെറുപ്രായത്തിൽ തന്നെ ഈശ്വര ചിന്തയും, ഗുരുദേവ തൃപ്പാദങ്ങളോടുള്ള ഭക്തിയും കുഞ്ഞുങ്ങളുടെ മനസ്സിലേയ്ക്ക് പകർന്നു നൽകാതെ വർത്തമാനകാലഘട്ടത്തിലെ വെല്ലുവിളികളെ നമുക്ക് അതിജീവിക്കുവാൻ കഴിയില്ല. ഇതിന് വളരെ ചിട്ടയായ പ്രവർത്തനം നമുക്ക് ആവശ്യമാണ്. ഇന്നത്തെ സാമൂഹിക സാഹചര്യം കുഞ്ഞുങ്ങളിൽ പ്രത്യേകിച്ച് കൗമാരക്കാരിൽ സൃഷ്ടിക്കുന്ന മാറ്റങ്ങൾ പലപ്പോഴും ആപത്ക്കരമായി മാറുന്നു. അവരിൽ ചിലരെങ്കിലും മയക്കുമരുന്നിന്റെയും ആത്മഹത്യയുടെയും പാതകൾ പിൻതുടർന്ന് പലകുടുംബങ്ങളും ഭീകരമായ ദുന്തത്തിൽ എത്തിപ്പെടുന്നു. ഈ അവസ്ഥയ്ക്കു പരിഹാരം നമ്മുടെ കുഞ്ഞുങ്ങളിൽ വളരെ ചെറുപ്പത്തിൽത്തന്നെ ആത്മീയ അടിത്തറ ഉണ്ടാക്കു എന്നതാണ്. ഇതിനായി ശ്രീനാരായണ ഗുരുദേവ തൃപ്പാദങ്ങളുടെ ദർശനവും സന്ദേശങ്ങളും ചെറുപ്രായത്തിൽ തന്നെ അവരുടെ മനസ്സിലേയ്ക്ക് പകർന്നുകൊടുക്കുവാൻ നമ്മുക്ക് കഴിയണം. തൃപ്പാദങ്ങളുടെ ലളിതമായ കൃതികളുടെ പഠനപ്രക്രിയയിൽ അവർ പങ്കാളികളാകുന്നു എന്ന് നമ്മൾ ഉറപ്പുവരുത്തേണ്ടിയിരിക്കുന്നു. ഇതര സഹോദര സമുദായങ്ങൾ അവരുടെ കുരുന്നു തലമുറയ്ക്ക് പകർന്നു നൽകുന്ന ഏറ്റവും പ്രധാമ്പപ്പെട്ട അറിവ് ആത്മിയ ചിന്തകളാണ്. ശ്രീനാരായണ തൃപ്പാദങ്ങൾതെളിച്ച ആത്മീയ പാതയിൽ ലോകം ഒന്നായി മുന്നേറുമ്പോൾ അതിന് നേർ അവകാശികളായ നമ്മുടെ കുഞ്ഞുങ്ങൾക്ക് അത് കഴിയാതെ പോകുന്നതിന്റെ ഉത്തരവാദിത്വത്തിൽനിന്ന് നമുക്ക് ഒഴിഞ്ഞുമാറുവാൻ കഴിയില്ല. ഈ വസ്തുത മനസ്സിലാക്കി കൂടുതൽ ഗൗരവമായി ബാലജനയോഗം കുമാരി, കുമാരസംഘം എന്നീ സംഘടനകളുടെ രൂപീകരണവും പ്രവർത്തനവും ഗൗരവമായി ഏറ്റെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

## എസ്.എൻ.ഡി.പി.യോഗം സൈബർസേന

ആശയപ്രചരണ രംഗത്ത് അതീവ പ്രാധാന്യമുള്ള മേഖലയാണ് സൈബർ മേഖല. നവമാധ്യമങ്ങളും ഓൺലൈൻ ശ്രംഖലകളും സോഷ്യൽ എഞ്ചിനീയറിംഗ് പ്രവർത്തനങ്ങളിലും അഭിപ്രായ രൂപീകരണങ്ങളിലും നിർണ്ണായകമായ പങ്കുവഹിക്കുന്ന നിർണ്ണായകമായ കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. ഈ വലിയ വസ്തുത തിരിച്ചറിഞ്ഞാണ് മറ്റ് ഏത്. സംഘടനകളേക്കാളും മുന്നിൽ എസ്.എൻ.ഡി.പി.യോഗം സൈബർ സേനയ്ക്ക് രൂപം നൽകിയത്. എസ്.എൻ.ഡി.പി.യോഗത്തിന്റെ യോഗത്തിന്റെ പോഷക സംഘടന എന്ന നിലയിലും ഒരോ സൈ

ബർ സേനാംഗങ്ങളും എസ്.എൻ.ഡി.പി.യോഗം സന്ദേശപ്രചാരകരും സംഘടനാ പോരാളികളുമാണ്. സൈബർ ആക്രമണത്തിലൂടെ സംഘടനയേയും അതിന്റെ നേതാക്കന്മാരെയും അപകീർത്തിപ്പെടുത്തുകയും, അപവാദപ്രചരണം നടത്തുകയും ചെയ്യുന്ന പ്രവണത കൂടുതൽ വർദ്ധിച്ചു വരുന്ന കാലഘട്ടമാണിത്. എസ്.എൻ.ഡി.പി.യോഗത്തിനെതിരെ സംഘടനാ ശത്രുക്കൾ നടത്തുന്ന ഇത്തരം പ്രവർത്തനങ്ങളെ പ്രതിരോധിക്കുവാനും പ്രതികരിക്കുവാനും നമ്മുടെ സൈബർ സേനയ്ക്കു കഴിയുന്നു. കൊറോണ തീർത്ത പ്രവർത്തി തടസങ്ങളെ അതിജീവിച്ച് ശ്രീനാരായണ ധർമ്മ പ്രചരണവും സമുദായാംഗങ്ങൾക്ക് പ്രതീക്ഷയും, പ്രത്യാശയും നൽകുന്ന നിരവധി ഓൺലൈൻ പരിപാടികളുമായി എസ്.എൻ.ഡി.പി.യോഗ പ്രവർത്തക രംഗത്ത് നിറഞ്ഞുനിന്ന് പ്രവർത്തിക്കുവാൻ സൈബർ സേനയ്ക്കു കഴിഞ്ഞു. എസ്.എൻ.ഡി.പി.ശാഖാതലം മുതൽ യോഗതലം വരെവ്യാപിച്ചു കിടക്കുന്ന 2000-ൽ പരം സൈബർസേനാംഗങ്ങളുടെ ഒരു പ്രചരണ ശ്രിംഖല ഇന്ന് സൈബർ സേനയ്ക്കുണ്ട്. ഈ സംഘടനയുടെ രൂപീകരണത്തിന് നേതൃത്വം നൽകി അതിന്റെ രക്ഷാധികാരിയായി പ്രവർത്തിച്ചുവരുന്നത് എസ്.എൻ.ഡി.പി.യോഗത്തിന്റെ ബഹുമാന്യനായ വൈസ് പ്രസിഡന്റ് ശ്രീ. തുഷാർ വെള്ളാപ്പള്ളിയാണ്. ആധുനിക മീഡിയാ സംവിധാനങ്ങളും അനുബന്ധ ഉപകരണങ്ങളുമുൾപ്പെടെ സുസജ്ജമായ ഒരു കേന്ദ്ര സംവിധാനവും അതിനാവശ്യമായ പരിചയ സമ്പന്നരായ ജീവനക്കാരും സൈബർ സേനയ്ക്കുണ്ട്. എസ്.എൻ.ഡി.പി.യോഗത്തിന്റെ നേതൃത്വത്തിൽ ശ്രീ വെള്ളാപ്പള്ളി നടേശന്റെ ധന്യസാരഥ്യത്തിന്റെ രജത ജൂബിലി ചടങ്ങുകളുടെ പിന്നണി പ്രവർത്തകരായി വർത്തിച്ച് അഭിമാന കരമായ പ്രവർത്തനം കാഴ്ച വച്ചു. ഈ സംഘടനയുടെ സംസ്ഥാന ചെയർമാൻ ശ്രീ.അനിരുധ് കാർത്തികേയനും, കൺവീനർ ശ്രീ.അനീഷ് പുല്ലുവേലിയുമാണ്.

## ശ്രീനാരായണ എംപ്ലോയിസ് ഫോറം

ഗവൺമെന്റ് ജീവനക്കാരുടെ അംഗബലത്തിന്റെ കാര്യത്തിൽ ഏറെ പിന്നോക്കം നിൽക്കുന്ന ജനവിഭാഗമാണ് നമ്മൾ. ജനസംഖ്യയിൽ മുന്നിൽ നിൽക്കുന്ന നമ്മുക്ക് ഭരണത്തിന്റെ താക്കോൽ സ്ഥാനമായ ബ്യൂറോക്രസിയിലുള്ള പങ്കാളിത്തം അർഹതപ്പെട്ടതിന് എത്രയോ കുറവാണ്. ഈ പിന്നോക്കാവസ്ഥയുടെ ദുരന്തഫലം എത്രയോകാലങ്ങളായി നമ്മൾ അനുഭിവച്ചു പോരുന്നു. ഈ വിഷമഘട്ടത്തിൽ സർക്കാർ, അർദ്ദസർക്കാർ അതോടൊപ്പം വിദ്യാഭ്യാസ മേഖലയിലുള്ള ജീവനക്കാരുടെയും സേവനം സമുദായത്തിലെ മറ്റ് അംഗങ്ങൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ എസ്.എൻ.ഡി.പി.യോഗം രൂപം നൽകിയ സംഘടനയാണ് ശ്രീനാരായണ എംപ്ലോയിസ് ഫോറം. എസ്.എൻ.ഡി.പി.യോഗ തലത്തിലും, യൂണിയൻ തലത്തിലും ശ്രീനാരായണ എംപ്ലോയിസ് ഫോറത്തിന്റെ സംഘടനാ ഘടകം പൂർണ്ണമായി പ്രവർത്തിക്കുന്നു. കോവിഡ് പ്രതിസന്ധിഘട്ടത്തിൽ ഓൺലൈൻ സംവിധാനം ഉപയോഗപ്പെടുത്തിക്കൊണ്ട് സമുദായഅംഗങ്ങൾക്ക് ഗുണകരമായ നിരവധി പദ്ധതികൾ നടപ്പിലാക്കുവാനും വിദ്യാർത്ഥികൾക്ക് ആവശ്യമായ സഹായം എത്തിച്ചു നൽകുവാനും ഈ സംഘടനയ്ക്ക് കഴിഞ്ഞു. ഗുരുവന്ദനം ഓൺലൈൻ പരിപാടി ഉൾപ്പെടെ ശ്രദ്ദേയമായ പ്രവർത്തന രീതി ഇവർ പിൻതുടരുന്നു. സംഘടനയുടെ പ്രിഡന്റ് ശ്രീ.അജുലാലും സെക്രട്ടി ഡോ.വി.ശ്രീകുമാറുമാണ്. സംഘടനയുടെ കോഡിനേറ്ററായി ശ്രീ.റെജിമോൻ പ്രവർത്തിച്ചു വരുന്നു.

## ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിൽ

സർക്കാർ സർവീസിൽനിന്നും മറ്റ് വിവിധ സ്ഥാപനങ്ങളിൽനിന്നും വിരമിച്ച വ്യക്തികളുടെ അനുഭവസമ്പത്ത് എസ്.എൻ.ഡി.പി.യോഗത്തിന്റെ സംഘടനാ തലത്തിൽ പ്രയോജനപ്പെടുത്തുവാൻ രൂപീകരിച്ച സംഘടനയാണിത്. ഇതിന്റെ പ്രവർത്തനം ആരംഭഘട്ടത്തിലാണെങ്കിൽപോലും ആശയപരമായ കുറേ നല്ല മാതൃകകൾ സൃഷ്ടിക്കുവാൻ ഈ സംഘടനയ്ക്കുകഴിഞ്ഞു. കൊല്ലം ശ്രീനാരായണ യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന ലോഗോ വിഷയം പൊതു സമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നതും തുടർന്ന് എസ്.എൻ.ഡി.പി.യോഗം യൂത്ത്മൂവ്മെന്റ് ഉൾപ്പെടെയുള്ള സംഘടനാ സംവിധാനത്തെ രംഗത്ത് കൊണ്ടുവന്ന് യൂണിവേഴ്സിറ്റിയുടെ പെരിനോട് നീതി പുലർത്താത്ത ലോഗൊ മരവിപ്പിക്കുവാനും ഗുരുദേവ തൃപ്പാദങ്ങളുടെ ചിത്രം അലേഘനം ചെയ്ത പുതി എബ്ലം അഗീകരിപ്പിക്കുവാനും കഴിഞ്ഞത് ശ്രദ്ധേയമാണ്. സംഘടനയുടെ നിലവിലെ പ്രസിഡന്റ് പ്രൊഫസർ പി.ആർ ജയചന്ദ്രനും, സെക്രട്ടറി കെ.എൻ.സജീവുമാണ്.

## എസ്. എൻയഡി. പി. യോഗം വൈദിക സമിതി

വൈദീക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന എസ്.എൻ.ഡി.പി.യോഗാംഗങ്ങൾക്കായി രൂപീകരിച്ച് പ്രവർത്തിച്ചുപോരുന്ന സംഘടനയാണിത്. ചാരിറ്റബിൾ നിയമമനുസരിച്ച് പ്രവർത്തിച്ചു പോന്നിരുന്ന ഈ കൂട്ടായ്മയെ എസ്.എൻ.ഡി.പി.യോഗത്തിന്റെ പോഷക സംഘടനയായി പ്രവർത്തിക്കുവാൻ അനുവദിക്കണമെന്ന് അഭ്യർത്ഥനയോടുകൂടി സംഘടനാ ഭാരവാഹികൾ എസ്.എൻ.ഡി.പി.യോഗം കൗൺസലിന് നൽകിയ അപേക്ഷ അനുവദിക്കുകയും വൈദീക സമിതിക്കായി എസ്.എൻ.ഡി.പി.യോഗം ഡയറക്ടർബോർഡ് പുതിയ ബൈലോ അംഗീകരിച്ചു നൽകിയതോടും കൂടി എസ്.എൻ.ഡി.പി.യോഗ വൈദീകസമിതി നിലവിൽ വന്നു. സമുദായ അംഗങ്ങളുടെ ആചാരാനുഷ്ഠാനങ്ങളെ ഏകീകരിക്കുവാനും അവരുടെ ആത്മീയ പ്രവർത്തനങ്ങൾക്ക് ഒപ്പം നിൽക്കുവാനും പ്രാപ്തമായ ഒരു സംഘടനാ വേദിയാണ് വൈദിക സമിതി. നിലവിൽ 30 എസ്.എൻ.ഡി.പിയൂണിയനുകളിൽ വൈദീക സമിതിയുടെ യൂണിൻതല കമ്മറ്റികൾ പ്രവർത്തിച്ചു വരുന്നു. ഈ സംഘടനയുടെ നിലവിലെ പ്രസിഡന്റ് വൈക്കം ബെന്നി ശാന്തിയും, സെക്രട്ടറി ഷാജി ശാന്തികളുമാണ്.

## ധന്യ സാരഥ്യത്തിന്റെ രജതജൂബിലി

ഗുരുദേവ തൃപ്പാദങ്ങളുടെ അനുഗ്രഹംകൊണ്ടും നിങ്ങൾ ഒരോരുത്തരുടെയും കലവറയില്ലാത്ത പിൻതുണകൊണ്ടും എസ്.എൻ.ഡി.പി.യോഗത്തിന്റെയും എസ്.എൻ.ട്രസ്റ്റിന്റെയും മുഖ്യ കാര്യദർശി എന്ന പദവിയിൽ റിപ്പോർട്ട് വർഷം ഞാൻ കാൽ നൂറ്റാണ്ട് പൂർത്തിയാക്കുകയാണ്. കഴിഞ്ഞ 25 വർഷത്തെ ജീവിതം മുഴുവനായി നീക്കിവച്ചത് ഞാനും നിങ്ങളും നമ്മുടെ ജീവന്റെ ഭാഗമായി സൂക്ഷിക്കുന്ന നമ്മുടെ സംഘടനയ്ക്കു വേണ്ടി മാത്രമായിരുന്നു. 1996 ൽ നിന്ന് 2022 ൽ എത്തിനിൽക്കുമ്പോൾ സംഘടനാ പരമായി നമ്മൾ താണ്ടിയ പടവുകൾ, അതിനിടയിൽ കടന്നുവന്ന പ്രതിസന്ധികൾ അതിനെ അതിജീവിക്കുവാൻ നമ്മൾ കൂട്ടായി നടത്തിയ പ്രവർത്തനങ്ങൾ, കൈവരിക്കുവാൻ കഴിഞ്ഞ വലിയ സംഘടനാ നേട്ടങ്ങൾ, നാം തിരിഞ്ഞുനോക്കുമ്പോൾ എസ്.എൻ.ഡി.പി.യോഗത്തിന്റെയും, എസ്.എൻ.ട്രസ്റ്റിന്റെയും നേട്ടങ്ങളുടെ ചരിത്രപട്ടികയിൽ അഭിമാനകരമായ സംഭാവനകൾ നൽകുവാൻ കഴിഞ്ഞവരാണ് നമ്മൾ. ഈ നേട്ടങ്ങൾ നൽകുന്ന

അഭിമാന ബോധവും സന്തോഷവും നിങ്ങൾ ഒരോരുത്തവരിൽനിന്നും എനിക്ക് അനുഭവിച്ച് അറിയുവാൻ കഴിയുന്നു. ഞാൻഎന്റെ സ്വകാര്യ ജിവിതത്തെ പറ്റി ചിന്തിക്കാതെ മുഴുവൻ സമയവും സംഘടനയ്ക്കുവേണ്ടി പ്രവർത്തിക്കുമ്പോൾ എന്റെ വ്യക്തിജീവിതത്തിലെ പ്രധാന മുഹൂർത്തങ്ങളെ എന്നേക്കാൾ മുന്നേ കണ്ടെത്തി എന്റെ കുടുംബാംഗങ്ങളുടെ സ്ഥാത്തുനിന്ന് എന്റെ ഷഷ്ഠിപൂർത്തിയും, സപ്തതിയും നിങ്ങളുടേയും നാടിന്റെയും ആഘോഷമാക്കി മാറ്റിയത് ഞാൻ അഭിമാനപൂർവ്വം സ്മരിക്കുന്നു. എന്റെ ശതാഭിഷേകം റിപ്പോർട്ടുവർഷത്തിൽ കടന്നുവന്നപ്പോൾ കോവിഡ് പശ്ചാത്തലത്തിൽ അതൊരു ആഘോഷമാക്കി മാറ്ററുതെന്നുള്ള എന്റെ സ്നേഹ നിർദ്ദേശങ്ങൾക്ക് നിങ്ങൾ വഴങ്ങിയെങ്കിലും എന്റെ കുടുംബ പശ്ചാത്തലത്തിൽ ഒതുങ്ങിനിന്ന് സംഘടിപ്പിച്ച് ലളിതമായ ചടങ്ങിൽ നിങ്ങളുടെ സാന്നിധ്യവും പ്രാർത്ഥനയുമാണ്ടായത് എനിക്ക് മറക്കുവാൻ കഴിയില്ല.

നമ്മുടെ സംഘടനാ നേതൃത്വം കാൽനൂറ്റാണ്ട് പിന്നിട്ട് രജതജൂബിലിയുടെ നിറവിൽ എത്തിചേരുമ്പോഴും പതിവുപോലെ അതൊരു ആഘോഷമാക്കി മാറ്റണമെന്ന ആവശ്യവുമായി നിങ്ങൾ എന്നെ സമീപിച്ചപ്പോൾ കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ആഘോഷങ്ങളും ആരവങ്ങളും നിറഞ്ഞ ചടങ്ങുകൾക്കപ്പുറം സാമുദായ അംഗങ്ങളുടെ ക്ഷേമം ഉറപ്പാക്കേണ്ട അവസരമാണ് ഇതെന്ന എന്റെ സ്നേഹപൂർവ്വമായ നിർദ്ദേശത്തിന് നിങ്ങൾ അംഗീകാരം നൽകുകയും 'ശ്രീ.വെള്ളാപ്പള്ളി നടേശന്റെ ധന്യസാരഥ്യത്തിന്റെ രജതജൂബിലി' എന്ന പേരിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന ക്ഷേമപദ്ധതി പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നു. എസ്.എൻ.ഡി.പി.യോഗം വൈസ്പ്രസ്ഡന്റ് ശ്രീ.തുഷാർ വെള്ളാപ്പള്ളി ചെയർമാനും, എസ്.എൻ.ഡി.പി.യോഗം ദേവസ്വം സെക്രട്ടറി ശ്രീ.അരയാക്കണ്ടി സന്തോഷ് ജനറൽ കൺവീനറുമായി എസ്.എൻ.ഡി.പി.യോഗം, എസ്.എൻ.ട്രസ്റ്റ്, കണിച്ചുകുളങ്ങര ദേവസ്വം എന്നീ പ്രസ്ഥാനങ്ങളുടെ നേതാക്കന്മാരുടെ സജീവ പങ്കാളിത്തത്തോടുകൂടി ഈ കമ്മറ്റി ശക്തമായ പ്രവർത്തനം കാഴ്ച വച്ച് മുന്നേറുന്നു. ഈ പ്രവർത്തനങ്ങളുടെ ഉദ്ഘാടന ചടങ്ങുതന്നെ നമുക്ക് ഏവർക്കും അഭിമാന കരമായ മുഹൂർത്തമാണ് സമ്മാനിച്ചത്. 2021 ഡിസംബർമാസം 5-ാം തീയതി വൈകുന്നേരം 4 മണിക്ക് ചേർത്തല എസ്.എൻ.കോളേജ് ഓഡിറ്റോറിയത്തിൽ നടന്ന പദ്ധതിയുടെ ഉദ്ഘാടന ചടങ്ങ് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ.പിണറായി വിജയന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ബഹുമാനപ്പെട്ട കേരള ഗവർണർ ശ്രീ.ആരീഫ് മുഹമ്മദ്ഖാൻ ഉദ്ഘാടനം നിർവ്വഹിച്ചു. ചടങ്ങിൽ ബഹുമാന്യനായ കേന്ദ്ര വിദേശകാര്യ സഹമന്ത്രി ശ്രീ.വി.മുരളീധർ, ബഹുമാന്യനായ സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറി ശ്രീ.കോടിയേരി ബാലകൃഷ്ണൻ, ബഹുമാന്യനായ കേരളത്തിന്റെ കൃഷിമന്ത്രി ശ്രീ.പി. പ്രസാദ്, ബഹുമാന്യനായ ഭാരതീയ ജനതാപാർട്ടിയുടെ കേരളഘടകം പ്രസിഡന്റ് ശ്രീ.കെ സുരേന്ദ്രൻ ആദരണിയനായ എസ്.എൻ.ഡി.പി.യോഗം പ്രസിഡന്റ് ഡോ.എം.എൻ.സോമൻ എന്നിവരുടെ മഹനീയ സാന്നിദ്ധ്യമുണ്ടായി. എസ്.എൻ.ഡി.പി.യോഗത്തിന്റെ ബഹുമാന്യനായ വൈസ് പ്രസിഡന്റ് ശ്രീ.തുഷാർ വെള്ളാപ്പള്ളി സ്വാഗതം ആശംസിക്കുകയും, എസ്.എൻ.ഡി.യോഗം ദേവസ്വം സെക്രട്ടറി ശ്രീ.അരയാക്കണ്ടി സന്തോഷ് കൃതജ്ഞത രേഖപ്പെടുത്തുകയും ചെയ്തു. എസ്.എൻ.ഡി.പി.യോഗത്തിന്റെ കഴിഞ്ഞ 25 വർഷക്കാലഘട്ടത്തെ സമഗ്രമായി പഠിച്ചും വിശകലനം ചെയ്തുമാണ് ബഹുമാന്യനായ ഗവർണറും, ബഹുമാന്യനായ മുഖ്യമന്ത്രിയും മറ്റ് വിശിഷ്ട വ്യക്തികളും ചടങ്ങിൽ സംസാരിച്ചത്. നമുക്ക് ആർജിക്കുവാൻ കഴിഞ്ഞ സംഘടനാ ശക്തിയും വികസന വളർച്ചയും നമ്മുടെ നയ സമീപനങ്ങളും അക്കമിട്ട് മഹത്‌വ്യക്തികൾ അവരുടെ പ്രസംഗത്തിൽ അവതരിപ്പിച്ചപ്പോൾ അവരുടെ വാക്കുകൾ നമ്മുടെ പ്രവർത്തനങ്ങൾക്ക് കേരളം നൽകിയ പരസ്യ അംഗീകാരമായി മാറി. അതോടൊപ്പം തന്നെ നമ്മളെ അകാരണമായി വേട്ടയാടുന്ന ഛിദ്രശക്തികൾ

ക്ക് കാലം കരുതിവച്ച മറുപടിയായി മാറകയും ചെയ്തു. ഈ ഉദ്ഘാടന സമ്മേളനം കേരളത്തിന് അകത്തുംപുറത്തുമുള്ള എസ്.എൻ.ഡി.പി.യൂണിയനുകൾ തൽസമയം ഏറ്റെടുക്കുകയും സൈബർ സേനയുടെ സഹായത്തോടുകൂടി ഓൺ ലൈൻ ആയി പങ്കെടുക്കുകയും ചെയ്തു. കോവിഡ് മഹാമാരി അടിച്ചേൽപ്പിച്ച നിയന്ത്രണങ്ങളെ അതിജീവിച്ചുകൊണ്ട് എസ്.എൻ.ഡി.പി. യോഗത്തിന്റെ സമസ്തമേഖലയിലുള്ള പ്രവർത്തകരുടെയും ഒരു പങ്കാളിത്തമുള്ള ചടങ്ങായി ഇത് മാറി.

## എസ്. എൻ. ഡി. പി. യോഗം വിദ്യാഭ്യാസ മേഖല

സംഘടനകൊണ്ട് ശക്തരാകുക വിദ്യകൊണ്ട് പ്രബുദ്ധരാവുക എന്ന ഗുരുദേവ തൃപ്പാദങ്ങളുടെ സന്ദേശമാണ് എസ്.എൻ.ഡി.പി.യോഗത്തിന്റെ ചാലക ശക്തി. 1996 വരെയുള്ള 93 വർഷത്തെ ദീർഘമായ ചരിത്രത്തിൽ എസ്.എൻ.ഡി.പി.യോഗത്തിനും, എസ്.എൻ.ട്രസ്റ്റിനുമായി ആരംഭിക്കുവാൻ കഴിഞ്ഞത് 45 വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്. ഗുരുദേവ തൃപ്പാദങ്ങളുടെ അനുഗ്രഹം കൊണ്ടും നമ്മുടെ സംഘശ്കതിയുടെ ഫലംകൊണ്ടും കഴിഞ്ഞ 25 വർഷക്കാലത്ത് നമുക്ക് പുതിയതായി ആരംഭിക്കുവാൻ കഴിഞ്ഞത് 62 പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്. എസ്.എൻ.ഡി.പി.യോഗം മാനേജ്മെന്റിനു കീഴിൽ ബാലാരിഷ്ടകൾ മാറാത്ത നാല് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ മാത്രമാണ് 1996 ൽ നമ്മൾക്ക് ഉണ്ടായിരുന്നത് എങ്കിൽ പുതിയതായി 6 ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുവാനും മുൻപുണ്ടായിരുന്ന 4 വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പെടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ബഹു നില കെട്ടിടങ്ങളും മറ്റ് ഭൗതിക സൗകര്യങ്ങളും നമ്മുക്ക് ഒരുക്കുവാൻ കഴിഞ്ഞു. ഏയ്ഡഡ് കോളേജുകളായ കൊയിലാണ്ടി RSM കോളേജിന് M.Com കോഴ്സും, കോന്നി SAS എസ്.എൻ.ഡി.പി.യോഗം കോളേജിന് MSc ജിയോളജി കോഴ്സും നമുക്ക് നേടിയെടുക്കുവാൻ കഴിഞ്ഞു. അൺ ഏയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന കൊയിലാണ്ടി ഗുരുദേവ കോളേജിൽ BSc ബോട്ടണി, BScസൈക്കോളജി, കാസർഗോഡ് കാലിച്ചാൽഅടുക്കം എസ്.എൻ.ഡി.പി.യോഗം കോളേജിൽ BSc കെമസ്ട്രിയും, എസ്.എൻ.ഡി.പി.യോഗം വീർപ്പാട് BCom, MCom എന്നീകോഴ്സുകളും റിപ്പോർട്ട് വർഷം ലഭിച്ചു. സംസ്ഥാനത്ത് സ്വാശ്രയ മേഖലയിലെ വിദ്യാഭ്യാസസ്ഥാനങ്ങൾ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നു പോകുമ്പോഴും നമ്മുടെ സ്വാശ്രയ സ്ഥാനങ്ങൾ ലാഭകരമായും കാര്യക്ഷമമായും പ്രവർത്തിച്ചുപോരുന്നത് നമ്മൾ സൃഷ്ടിച്ച ഭൗതിക സൗകര്യങ്ങളുടെയും ഉറപ്പാക്കുന്ന വിദ്യാഭ്യാസ ഗുണനിലവാരത്തിന്റെ ഫലമാണ്. എസ്.എൻ.ഡി.പിയോഗം മാനേജ്മെന്റിന് കീഴിലുള്ള 11 ഹൈസ്ക്കൂളുകളുടെയും, 10 ഹയർസെക്കണ്ടറി സ്കൂളുകളുടെയും, 2 വി.എച്ച്.എസ്.സി, 8 യു.പി, 4 എൽ.പി സ്കൂളുകളുടെയും ഭൗതിക സൗകര്യം ഉന്നതനിലവാരത്തിലേക്ക് ഉയർത്തുവാൻ നമുക്ക് കഴിഞ്ഞു. 1996 ൽ നമ്മൾ ചുമതല ഏൽക്കുമ്പോൾ എസ്.എൻ.ഡി.പി.യോഗം സ്കൂളുകളിൽ SSLC സ്കൂളുകളിലാണ്ടായിരുന്ന വിജയ ശതാമാനം സ്റ്റേറ്റ് ആവറേജ് 54% ആയിരിക്കുമ്പോൾ നമ്മുടെ സ്കൂളുകൾക്ക് അന്ന് കൈവരിക്കുവാൻ കഴിഞ്ഞത് 31% വിജയം മാത്രമായിരുന്നു. എന്നാൽ റിപ്പോർട്ട് വർഷത്തിൽ എസ്.എസ്.എൽ.സി പരീക്ഷയുടെ വിജശതമാനം സംസ്ഥാന തലത്തിൽ 98 % ആയിരിക്കുമ്പോൾ നമ്മുടെ സ്ഥാപനങ്ങൾ കാഴ്ച വയ്ക്കുന്നത് 99 % വിജയമാണ്. പാഠ്യേതര വിഷയങ്ങളിലും പ്രവർത്തനങ്ങളിലും ഇന്ന് സംസ്ഥാനതലത്തിൽ ഏറെ ശ്രദ്ധേയമായ നേട്ടം നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൈവരിച്ച് മുന്നേറുന്നു. കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസ രംഗത്ത് ഏറെ ശ്രദ്ധയാകർഷിച്ച കേരള സർക്കാർ പരിപാടിയായ ഹരിത കേരളം വിദ്യാഭ്യാസ റിയാലിറ്റി ഷോയിൽ

25 ലക്ഷം രൂപയുടെ 1-ാം സമ്മാനം മറ്റൊരു സ്കൂളിനൊപ്പം ഉദയംപേരൂർ എസ്.എൻ.ഡ.പി.യോഗം ഹയർ സെക്കണ്ടറി സ്കൂൾ നേടിയെടുക്കുകയും ബഹു മാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനിൽ നിന്ന് പ്രസ്തുത തുക ഏറ്റുവാങ്ങുകയും ചെയ്തത് നമുക്ക് അഭിമാനം നൽകുന്നു. ഈ നേട്ടത്തിനു പിന്നിൽ പ്രവർത്തിച്ച ഉദയംപേരൂർ ഹയർസെക്കണ്ടറിസ്കൂളിലെ അദ്ധ്യാപകരെയും, വിദ്യാർത്ഥികളെയും മറ്റ് ജീവനക്കാരെയും രക്ഷകർത്താക്കളെയും നമുക്ക് അനുമോദിക്കാം.വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ എന്നെ സഹായിക്കുവാനായി നിലകൊള്ളുന്ന വിദ്യാഭ്യാസ സെക്രട്ടറി ശ്രീ.സി.പി സുദർശനെ ഈ അവസരത്തിൽ ഞാൻ അഭിനന്ദിക്കുന്നു.

## യോഗനാദം

എസ്.എൻ.ഡി.പി.യോഗത്തിന്റെ വാർത്തകൾക്കും നിലപാടുകൾക്കും അഭിപ്രായങ്ങൾക്കും കേരളത്തിലെ അച്ചടി മാധ്യമങ്ങൾ ഇപ്പോൾ ആവശ്യമായ പ്രചരണം കൊടുക്കുന്നില്ല. സമുദായത്തോട് നീതികാണിക്കുന്ന ദിനപത്രം ഒരു പക്ഷെ കേരള കൗമുദി മാത്രമാകാം. ഈ ഘട്ടത്തിലാണ് എസ്.എൻ.ഡി.പി.യോഗത്തിന്റെ മുഖപത്രമായ യോഗ നാദത്തിന്റെ പ്രസക്തി. 1996 നു ശേഷം കെട്ടിലും മട്ടിലും മാറ്റം വരുത്തി. പ്രസിദ്ധീകരിച്ചു വരുന്ന യോഗനാദം ഇന്ന് അതിന്റ അച്ചടിയിലും, വിഭവങ്ങളിലും കൂടുതൽ നിലവാരത്തിലേയ്ക്ക് എത്തിച്ചിരിക്കുന്നു. പേപ്പറിന്റെ വിലയിലും അച്ചടിചിലവും ഭീകരമായി വർദ്ധിച്ചിരിക്കുന്ന ഈ അവസരത്തിൽ പരമാവധി യോഗനാദം കോപ്പികൾ നമ്മൾ വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ഈ വലിയ ലക്ഷ്യത്തിൽ എസ്.എൻ.ഡി.പി. യൂണിയനുകളും ശാഖകളും, നമ്മുടെ സ്ഥാപനങ്ങളും കാണിക്കുന്ന ആത്മാർത്ഥമായ സമീപനത്തെ ഞാൻ ഈ അവസരത്തിൽ അഭിനന്ദിക്കുന്നു.

## മൈക്രോഫിനാൻസ്

എസ്.എൻ.ഡി.പി.യോഗം അംഗങ്ങൾക്കിടിയിൽ കരുതലോടെ സാമ്പത്തിക സഹകരണത്തിന്റെയും വിനിയോഗത്തിന്റെയും പുതിയ പ്രവർത്തന രീതി സൃഷ്ടിക്കുവാൻ കഴിഞ്ഞ പദ്ധതിയാണിത്. സമുദായാംഗങ്ങളുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുവാനായി 2003-ൽ ആരംഭിച്ച മൈക്രോഫിനാൻസ് പദ്ധതി ആയിരക്കണക്കിന് കോടിരൂപ സമുദായാംഗങ്ങൾക്ക് വിതരണം ചെയ്ത് മുന്നേറുന്നു. ഈ പദ്ധതിമൂലം സമുദായത്തിന്റെ താഴേതലം വരെയുണ്ടായ സാമ്പത്തിക അഭിവൃദ്ധിയയിൽ വിരളിപൂണ്ട ചില സമൂദായ ദ്രോഹികൾ അനാവശ്യ പ്രചരണങ്ങളുമായി രംഗത്തുവന്നുവെങ്കിലും എസ്.എൻ.ഡി.പി.യോഗത്തിന്റെ മൈക്രോഫിനാൻസ് പദ്ധതിയെ അട്ടിമറിയ്ക്കുവാൻ അവർത്ത് കഴിഞ്ഞില്ല. 2003 ൽ എസ്.എൻ.ഡി.പി.യോഗത്തിൽ ആരംഭംകുറിച്ച ഈ പദ്ധതി 2022-ൽ എത്തിനിൽക്കുമ്പോൾ ഉയർന്നുവരുന്ന ആരോപണങ്ങളുടെ പൊള്ളത്തരംഎസ്.എൻ.ഡി.പി.യോഗപ്രവർത്തകർക്ക്ബോദ്ധ്യമുള്ളതാണ്. ഈ ദീർഘമായ കാലയളവിൽ വിരലിലെണ്ണാവുന്ന എസ്.എൻ.ഡി.പി.യൂണിയൻ ഭാരവാഹികൾ നടത്തിയ ക്രമക്കേടുകളാണ് ഈ പദ്ധതിയുടെ കീർത്തിയും, വിശ്വസ്തതയും നശിപ്പിക്കുവാനായി ശത്രുക്കൾ ഉന്നയിക്കുന്നത്. അത്തരം ക്രമക്കേടുകൾ പരിശോധിച്ചാൽ എസ്.എൻ.ഡി.പി.യോഗത്തിന്റെ അംഗീകാരവും, അനുമതിയമില്ലാതെ പ്രാദേശികമായി ബാങ്കുകളുമായി ചേർന്ന് ലോൺ സമ്പാദിക്കുകയും ആയതിന്റെ വിതരണത്തിലും തിരിച്ചറിവിലും പണാപഹരണം നടത്തുകയാണുണ്ടായത്. ഇത്തരം യൂണിയൻ ഭാരവാഹികൾക്കെതിരെ എസ്.എൻ.ഡി.പി.യോഗം സംഘടനാ നടപടി കൈകൊള്ളുകയും, സിവിലും, ക്രിമിനലുമായ നിയമനടപിടികൾ കൈകൊള്ളുകയും ചെയ്തു. ഈ സാമ്പത്തിക ക്രമക്കേടിൽ ഇരക

ളായവരെ നിയമപരമായി സംരക്ഷിക്കുവാൻ അതാത് പ്രദേശത്തെ എസ്.എൻ.ഡി.പി.യൂണിയനുകൾ സജീവമായ പ്രവർത്തനമാണ് കാഴ്ച വച്ചത്. ഈ പ്രതിസന്ധിഘട്ടത്തിൽ മൈക്രോഫിനാൻസ്, ജെ,എൽ.ജി പദ്ധതിയുടെ നടത്തിപ്പിൽ എസ്.എൻ.ഡി.പി.യൂണിയനുകൾ സജീവ പ്രവർത്തനമാണ് കാഴ്ച വച്ചത്. ഈ പ്രതി സന്ധിഘട്ടത്തിൽ ഒരോ എസ്.എൻ.ഡി.പി.യൂണിയനുകളും കോടിക്കണക്കിന് രൂപ അംഗങ്ങൾക്ക് വിതരണം ചെയ്തു. നിലവിൽ മൈക്രോ ഫിനാൻസ് പദ്ധതിയിലെ ലോൺ വിതരണവും തിരിച്ചടവും ബാങ്കും ഗുണഭോക്താക്കളും നേരിട്ടാണ്.

## സാമുദായിക സംവരണം

ജാതീയ അടിച്ചമർത്തലും നരകയാത നയും അനുഭവിക്കപ്പെട്ട പിന്നോക്ക ജനവിഭാഗത്തിനും പട്ടികജാതി പട്ടിക വർഗ്ഗ ജനവിഭാഗത്തിനും അതികാരത്തിന്റെ അർഹമായ പങ്ക് നൽകുന്നതിനാണ് ഇന്ത്യൻ ഭരണഘടന സാമുദായിക സംവരണം വിഭാവനം ചെയ്യുന്നത്. എന്നാൽ ഈ വലിയ ലക്ഷ്യത്തെ എന്നും അട്ടിമറിയ്ക്കുവാൻ സവർണ്ണ സംഘടിത വിഭാഗങ്ങൾ ശ്രമിച്ചുപോരുകയും കാലാകാലങ്ങളിൽ അവരുടെ ലക്ഷ്യങ്ങൾ ഭാഗീകമെയെങ്കിലും നേടിയെടുക്കുവാൻ കഴിയുകയും ചെയ്തു. ഭരണഘടന ഉയർത്തിപ്പിടിച്ച പിന്നോക്ക സമുദായ സംവരണം നടപ്പിലാക്കുവാൻ സ്വാതന്ത്ര്യാനന്തരം പതിറ്റാണ്ടുകൾ കാത്തിരിക്കേണ്ട കാരണവും ഇതുതന്നെയായിരുന്നു. പിന്നോക്ക സമുദായ സംവരണം നടപ്പിലാക്കയപ്പോൾ പോലും അർഹരായ സമൂഹത്തിന് അതിന്റെ പൂർണ്ണഫലം അനുഭവിക്കാതിരിക്കുവാൻ ക്രീമിലയർ വ്യവസ്ഥ ചേർത്തുവച്ചതും നാം ഗൗരവമായി കാണേണ്ടതാണ്. ഇന്ത്യയിലെ 75 ശതമാനം വരുന്ന പിന്നോക്ക ജനസമൂഹത്തിന് ഭരണഘടന നിഷ്കർഷിച്ച സംവരണം നേടിയെടുക്കുവാൻ പതിറ്റാണ്ടുകൾ കാത്തികേണ്ടിവന്നു എങ്കിൽ ഭരണഘടനയുടെ അന്തസത്തയ്ക്ക് എതിരായ സാമ്പത്തിക സംവരണം ഭരണഘടനാ ഭേദഗതിയിലൂടെ നടപ്പിലാക്കുവാനും അത് പ്രായോഗിക തലത്തിൽ എത്തിക്കുവാനും വിരലിലെണ്ണാവുന്ന ദിവസം മാത്രമാണ് ഭരണ വർഗ്ഗത്തിന് ആവശ്യമായി വന്നത്. ഒരുനൂറ്റാണ്ടിനപ്പുറം ജാതിയുടെ പേരിൽ മനുഷ്യനായി പരിഗണിക്കാതിരുന്ന ഭൂരിപക്ഷ ജനതയെ അധികാര വഴിയിലെത്തിച്ച് നീതികൊടുക്കുവാനാണ് ഭരണഘടന ശിൽപ്പികൾ സാമുദായിക സംവരണത്തിലൂടെ ശ്രമിച്ചത്. എന്നാൽ കേവലം 25 ശതമാനത്തിൽ താഴെവരുന്ന മുന്നോക്ക സവർണ്ണ വിഭാഗത്തിന്റെ താൽപര്യ സംരംക്ഷണത്തിനായി ഇന്ത്യയിലെ ഭാരതീയ ജനതാപാർട്ടിലും കോൺഗ്രസും, കമ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയും, കമ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യും ഉൾപ്പെടെയുള്ള എല്ലാ രാഷ്ട്രീയ കക്ഷികളും സംവരണത്തെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ജോലികൊടുത്ത് സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിനുള്ള കേവല ദാരിദ്ര നിർമ്മാർജന പദ്ധതിയായി ചിത്രീകരിക്കുന്നു. എന്നാൽ ഇവർ ഉത്തരം പറയാതെ ബോധപൂർവ്വം ഒഴിയുന്ന വസ്തുതാ വിവരണകണക്കുകൾ മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് വെളിപ്പെടുത്തിയിട്ടുണ്ട്. ഈ റിപ്പോർട്ട് അനുസരിച്ച് 66 ശതമാനം വരുന്ന രാഷ്ട്രീയ അധികാരവും 80 ശതമാനം വരുന്ന ഉദ്യോഗസ്ഥ പങ്കാളിത്വവും 90 ശതമാനം വരുന്ന ഭൂമിയും 97 ശതമാനം വരുന്ന വ്യാവസായിക ഉടമസ്ഥതയും ജനസംഖ്യയിൽ 25 ശതമാനത്തിൽ താഴെവരുന്ന മുന്നോക്ക സമുദായങ്ങൾക്കാണ്. ഇന്നും ഇന്ത്യയിൽ ഈ സ്ഥിതിക്ക് കാര്യമായ മാറ്റം സംഭവിച്ചു എന്ന് തെളിയിക്കുന്ന ഒരു കണക്കും രാഷ്ട്രീയ പാർട്ടികൾക്കോ കേന്ദ്ര ഗവൺമെന്റിനോ സംസ്ഥാ ഗവൺമെന്റുകൾക്കോ പ്രസിദ്ധീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. കേരളത്തിലെ സാമുദായിക സംവരണത്തെപ്പറ്റി പഠിക്കവാൻ നിയോഗിച്ച ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ കേരളത്തിലെ പിന്നോക്ക സമുദായങ്ങൾക്ക് ലഭിച്ച ഉദ്യോഗസ്ഥ നിയമന പങ്കാളിത്തം അവർക്കായി സംവരണത്തിലൂടെ മാറ്റിവച്ചിരിക്കുന്ന എണ്ണത്തിനൊപ്പം പോലും എ

ത്തിയിട്ടില്ല എന്ന് വെളിവാക്കുന്നു. കേരളത്തിലെ നിയമങ്ങളിൽ പിൻതുടരുന്ന റൊട്ടേഷൻ സംവിധാനം ഓപ്പൺ ക്വോട്ടയിൽ ഉദ്യോഗം ലഭിക്കുന്ന ഒരു പിന്നോക്ക സമുദായാംഗത്തെ സംവരണക്വോട്ടയിലേയ്ക്ക് ചവിട്ടി താഴ്ത്തി മറ്റൊരു പിന്നോക്കക്കാരന്റെ അവസരം നഷ്ടമാക്കും. ഈ ദുരന്തവും അവഗണനയും നിലനിൽക്കുമ്പോഴാണ് ഭരണഘടന വിരുദ്ധമായി കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും മുന്നോക്ക സംവരണം നടപ്പിലാക്കിയത്. ഈ സംവരണ സംവിധാനം ഉദ്യോഗസ്ഥ നിയമനങ്ങളിൽ മാത്രമായി ഒതുങ്ങുന്നില്ല. വിദ്യാഭ്യാസ മേഖലയിൽ സാമ്പത്തിക സംവരണം ഏർപ്പെടുത്തിയപ്പോൾ കനത്ത നഷ്ടമാണ് മഹാഭൂരിപക്ഷം വരുന്ന പിന്നോക്ക ജനവിഭാഗത്തിന് ഇന്ത്യയിൽ മുഴുവനായി സംഭവിച്ചിരിക്കുന്നത്. ഇതിന്റെ ഭീകരത മനസ്സിലാക്കുവാൻ കഴിഞ്ഞ അധ്യായന വർഷം വിദ്യാഭ്യാമേഖലയിൽ നടപ്പിലാക്കിയ സംവരണ രീതി പരിശോധിച്ചാൽ മതിയാകും.കേരളത്തിലെ ജനസംഖ്യയിൽ ഈഴവ/തീയ/ബില്ലവ സമൂദായം ഏതാണ്ട് 29 ശതമാനത്തിൽ അധികം വരുന്ന സമുദായമാണ്. ഈ വിഭാഗത്തിൽ 95 ശതമാനവും ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിപ്രകാരം ഗവൺമെന്റ് നിശ്ചയിച്ചിരിക്കുന്ന ക്രീമിലെയർ വ്യവസ്ഥയിൽ ഉൾപ്പെടാതെ സംവരണ പരിരക്ഷ ലഭിക്കുന്നവരുമാണ്. അതേസമയം കേരളത്തിലെ ഹിന്ദുവിഭാഗത്തിലെ മുന്നോക്ക സമുദായ അംഗങ്ങളും, മുന്നോക്ക ക്രൈസ്തവ സമുദായ അംഗങ്ങളും ചേർന്നുവരുന്ന 26 ശതമാനം ജനതയിൽ 80 ശതമാനവും സാമ്പത്തികമായും വിദ്യാഭ്യാസ പരമായും സർക്കാർ ഉദ്യോഗസ്ഥ പങ്കാളിത്തംകൊണ്ടും മുന്നിൽ നിൽക്കുന്നവരാണ്. ചുരുക്കത്തിൽ കേരളത്തിൽ പുതിയതായി നടപ്പിലാക്കിയ സാമ്പത്തിക സംവരണത്തിന്റെ ഗുണഭോക്താക്കൾ കേരള ജനസംഖ്യയിലെ 5 ശതമാനം മാത്രംവരുന്ന ജനവിഭാഗം ഉൾകൊള്ളുന്നതാണ്. ഈ 5 ശതമാനം മുന്നോക്ക ജന വിഭാഗത്തിന് വിദ്യാഭ്യാസ മേഖലയിലും തൊഴിൽ മേഖലയിലും 10 ശതമാനം സംവരണം ലഭിക്കുന്നു. ഇത് കടുത്ത അനീതിയാണ്. പിന്നോക്ക ജനസമൂഹത്തിന് ജനസംഖ്യാനുപാതികമായി വിദ്യാഭ്യാസ മേഖലയിൽ സംവരണം ലഭ്യമാക്കണമെന്നും ഭരണഘടനാ വിരുദ്ധമായ മുന്നോക്ക തൊഴിൽ സംവരണവും, വിദ്യാഭ്യാസ സംവരണവും റദ്ദാക്കണമെന്നും, മെഡിക്കൽ പോസ്റ്റ് ഗ്രാജുവേഷൻ അഡ്മിഷനിൽ സംവരണ സംവിധാനം ഏർപ്പെടുത്തിയപ്പോൾ പിന്നോക്ക സമുദായത്തിനുണ്ടായ നഷ്ടം പരിഹരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട ഇന്ത്യൻ പ്രധാനമന്ത്രി നരേദ്ര മോഡി അവറുകൾക്ക് 20-10-2020 ൽ നിവേദനം നൽകുകയുംചെയ്തു. ഇതേരീതിയിൽ തന്നെ സംസ്ഥാന തലത്തിൽ മെഡിക്കൽ അഡ്മിഷനും, മെഡിക്കൽ പി.ജി അഡ്മിഷനും പിന്നോക്ക സമുദായത്തിന് സംഭവിച്ച സംവര നഷ്ടം ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ നമുക്ക് കഴിഞ്ഞു. ഈ രണ്ടുവീഴ്ചകളും കേന്ദ്ര തലത്തിലും സംസ്ഥാന തലത്തിലും പരിഹരിക്കപ്പെടുന്ന അവസ്ഥയിൽ എത്തിനിൽക്കുന്നു. ഇതേവിഷയത്തിൽ തന്നെ ബഹുമാനപ്പെട്ട സുപ്രീംകോടതി മെഡിക്കൽ പി.ജി കോഴസുകളുമായി ബന്ധപ്പെട്ട് 07-01-2021 ൽ പുറപ്പെടുവിച്ച വിധി നമ്മൾക്ക് ആശ്വാസം നൽകുന്നു.ആയതിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ പോസ്റ്റ് ഗ്രാജുവേഷൻ അഡ്മിഷനിൽ നീതിപൂർണ്ണമായ പിന്നോക്ക സംവരണം ഏർപ്പെടുത്തുവാൻ കേന്ദ്രഗവൺമെന്റ് തീരുമാനം കൈകൊണ്ടത് സ്വാഗതാർഹമാണ്. ഇന്ത്യൻ ഭരണഘടനയുടെ ഭേദഗതിയിലൂടെ ഇന്ത്യൻ ഭരണഘടനയുടെ അന്തസത്തയ്ക്ക് വിരുദ്ധമായി സാമ്പത്തിക സംവരണം ഏർപ്പെടുത്തിയതിനെ എസ്.എൻ.ഡി.പി.യോഗം സുപ്രീംകോടതിയുടെ ഭരണഘടന ബെഞ്ചിൽ ചോദ്യെ ചെയ്തുകൊണ്ട് ഹർജിനൽകിയിട്ടുള്ളതും ഇവിടെ പ്രസ്ഥാവ്യമാണ്.

## ശിവഗിരി ധർമ്മസംഘം ട്രസ്റ്റ് തെരഞ്ഞെടുപ്പ്

ശിവഗിരി ധർമ്മസംഘം ട്രസ്റ്റ് നിലവിൽ വന്നതിനുശേഷം നടന്ന 15-ാമത് ഡയർക്ക് ബോർഡ് തെരഞ്ഞെടുപ്പ് 16-10-2021 ൽ നടക്കുകയുണ്ടായി. തുടർന്ന് 7-11-2020 ൽ ശിവഗിരി ധർമ്മ സംഘം ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നടക്കുകയും ശ്രീമദ് സ്വാമി സച്ചിദാനന്ദ പ്രസിഡന്റായും, ശ്രീമദ് സ്വാമിഋതംഭരാന്ദ സെക്രട്ടറിയായും, ശ്രീമദ് സ്വാമിശാരദാനന്ദ ട്രഷററായുമുള്ള പുതിയ ഭരണ സമിതി അധികാരത്തിൽ വന്നു. പുതിയ ഭാരവാഹികളുടെ നേതൃത്വത്തിൽ 89-ാ മത് ശിവഗിരി തീർത്ഥാടനം നടത്തപ്പെടുകയും, കോവിഡ് സാഹചര്യത്തിലും തീർത്ഥാടകരുടെ വലിയ സാന്നിദ്ധ്യമാണ് ശിവഗിരിയിൽ ദർശിക്കുവാൻ കഴിഞ്ഞത്. മുൻകാലഘട്ടങ്ങളിലെ പോലെ തന്നെ ശിവഗിരി പദയാത്രികർക്കും, തീർത്ഥാടകർക്കും പരമാവധി സൗകര്യങ്ങൾ ഒരുക്കുന്നതിൽ വലിയ സേവനങ്ങൾ നടത്തുവാൻ എസ്.എൻ.ഡി.പി.യോഗത്തിന് കഴിഞ്ഞു. ശാഖായോഗങ്ങൾക്കും, യൂണിയനുകൾക്കും, യോഗത്തിനും കഴിഞ്ഞു. ഈ അവസരത്തിൽ പുതിയതായി തെരഞ്ഞെടുക്കപ്പെട്ട ശിവഗിരി ധർമ്മസംഘം ട്രസ്റ്റ് ഭാരവുാഹികൾക്കും ബോർഡ് അംഗങ്ങൾക്കും എസ്.എൻ.ഡി.പി.യോഗത്തിന്റെയും ജനറൽ സെക്രട്ടറി എന്ന നിലയിൽ എന്റെയും അഭിനന്ദനങ്ങൾ അറിയിക്കുന്നു.

## കേരളത്തിലെ നിയമസഭാ തെരഞ്ഞെടുപ്പ്

റിപ്പോർട്ട് വർഷം കേരളം മറ്റൊരു നിയമസഭാ തെരഞ്ഞെടുപ്പിന് സാക്ഷ്യം വഹിച്ചു. ശ്രീ.പിണറായി വിജയൻ നേതൃത്വം നൽകുന്ന ഒരു ഗവൺമെന്റിന്റെ ജനകീയ വധിയെഴുത്തുകൂടിയായിരുന്നു ഈ തെരഞ്ഞെടുപ്പ്. കേരളത്തിലെ പൊതു സമൂഹവും എസ്.എൻ.ഡി.പി.യോഗവും പ്രതീക്ഷിച്ച നിലയിൽ തന്നെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് വൻ ഭൂരിപക്ഷത്തോടുകൂടി അധികാരത്തുടർച്ചയിൽ അവരോധിക്കപ്പെട്ടു. മുൻ ഇടതുപക്ഷ ഗവൺമെന്റ് പിന്നിട്ട 5 വർഷങ്ങൾ പ്രതിസന്ധിനിറഞ്ഞതായിരുന്നുവെങ്കിലും ജനപക്ഷത്തുനിന്ന് പ്രവർത്തിക്കുവാൻ ശ്രീ പിണറായി വിജയന്റെ ഗവൺമെന്റിനു കഴിഞ്ഞുവെന്നുതന്നെയാണ് ഈ തെരഞ്ഞെടുപ്പ് വിജയത്തിന്റെ പ്രധാന കാരണം. ചെത്തുകാരന്റെ മകൻ വീണ്ടും മുഖ്യമന്ത്രിയാകുന്നതിൽ അയിത്തം കൽപ്പിച്ച മനസ്സുകൾക്ക് കേരള ജനത വോട്ടിലൂടെ നൽകിയ മറുപടികൂടിയാണ് ഈ തെരഞ്ഞെടുപ്പ് വിജയം. ഈ തെരഞ്ഞെടുപ്പ് മത്സര രംഗത്ത് ഉണ്ടായിരുന്നത് മൂന്ന് മുന്നണികളായിരുന്നു. ഇടതുപക്ഷ ജനാധിപത്യമുന്നണിയും, ഐക്യ ജനാധിപത്യമുന്നണിയും, ദേശീയ ജനാതിപത്യ സഖ്യവും. എന്നാൽ കേരളത്തിന്റെ അധികാരം പിടിച്ചടക്കുവാനായി മത്സരിച്ചത് ഇടതുപക്ഷ ജനാധിപത്യമുന്നണിയും, ഐക്യജനാധപത്യമുന്നണിയുമായിരുന്നു. ഇതിൽ വിജയം ഇടതുപക്ഷ ജനാധിപത്യമുന്നണിക്കൊപ്പമായി.ഐക്യ ജനാധിപത്യമുന്നണിയെ നയിക്കുന്നഇന്ത്യൻ നാഷണൽ കോൺഗ്രസ് ഈ പരാജയത്തിൽനിന്ന് പാഠം ഉൾകൊള്ളേണ്ടിയിരിക്കുന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസ് നശിച്ചു കാണണമെന്ന് ആഗ്രഹിക്കുന്ന സംഘടനല്ല എസ്.എൻ.ഡി.പി.യോഗം. എസ്. എൻ. ഡി.പി.യോഗവും ഇന്ത്യൻ നാഷണൽ കോൺഗ്രസുമായുള്ള ബന്ധത്തിന്റെ ചരിത്രം പാർട്ടിയുടെ ഇപ്പോഴത്തെ പ്രത്യേകിച്ച് കേരളത്തിൽ നിന്നുള്ള കേന്ദ്ര നേതാക്കളും, സംസ്ഥാന നേതാക്കളും മനസ്സിലാക്കേണ്ടിയിരിക്കുന്നു. മഹാനായ സി.കേശവനും, ടി.കെ മാധവനും, സഹോദരൻ അയ്യപ്പനും, ആർ.ശങ്കറും നയിച്ച പ്രസ്ഥാനമാണ് കേരളത്തിലെ കോൺഗ്രസ് പ്രസ്ഥാനം. എന്നാൽ ചരിത്ര പാഠങ്ങൾ മറന്നുകൊണ്ട് ഈഴവ/ തീയ സമുദായത്തോട് അയിത്തം കൽപിക്കുന്ന

സമീപനമാണ് ഈ തൊട്ടടുത്ത കാലം വരെ കോൺഗ്രസ് നേതാക്കന്മാരുടെ ഭാഗത്തുനിന്നും പ്രകടമായി കണ്ടുപോന്നത്. ഈഴവ തീയ്യ സമുദായത്തിൽ നിന്നും, കോൺഗ്രസ് പാർട്ടിയുടെ തലപ്പത്തേയ്ക്ക് ഉയർത്തപ്പെടുന്നവർ എസ്.എൻ.ഡി.പി.യോഗത്തേയും എസ്.എൻ.ഡി.പി.യോഗനേതൃത്വത്തേയും സമുദായത്തേയും തള്ളിപ്പറയുന്നവരായിരിക്കണമെന്ന ഒരു അലിഹിത നിയമം, കോൺഗ്രസിലെ സംഘടനാ പ്രമോഷനുകൾക്ക് പാലിച്ചുപോരുന്നതായി സംശയിക്കേണ്ട സാഹചര്യം നിലനിൽക്കുന്നു. രാജാവിനേക്കാൾ കൂടുതൽ രാജഭക്തി കാണിച്ച് സ്വന്തം സമൂദായത്തിനെതിരെ വാളോങ്ങി മറ്റ് സമുദായങ്ങളുടെ പ്രീതി പിടിച്ചു പറ്റുവാൻ, കോൺഗ്രസിലെ ചില നേതാക്കന്മാർ ശ്രമിക്കുമ്പോൾ അവർക്കൊപ്പമുള്ള മറ്റ് സമുദായത്തിലെ നേതാക്കന്മാർ അവരുടെ സ്വന്തം സമുദായത്തിനുവേണ്ടി ഏതറ്റംവരെയും നിലപാടുകളെടുക്കുന്നു. ഇവർ സ്വന്തം സമുദായത്തിന്റെ പിൻബലം പരമാവധി ഉപയോഗപ്പെടുത്തി തെരഞ്ഞെടുപ്പുകൾ വിജയിക്കുന്നു. അതേസമയം ഈഴവ സമുദായത്തെ തള്ളിപ്പറഞ്ഞ് നിലപാടുകൾ കൈകൊള്ളുന്ന നേതാക്കന്മാർക്ക് സ്വന്തം സമുദായത്തിന്റെ വിശ്വാസം ആർജിക്കുവാൻ കഴിയാതെ പോവുകയും തെരഞ്ഞെടുപ്പുകളിൽ ദയനീയമായി പരാജയപ്പെടുകയും ചെയ്തു. ഈ ദുരന്തത്തിന്റെ പ്രകടമായ ഉദാഹരണമാണ് തൊട്ടുമുമ്പ് അവരോധിക്കപ്പെട്ട രണ്ട് കെ.പി.സി.സി പ്രസിഡന്റുമാർ. ഈഴവ സമുദായത്തോട് കഴിഞ്ഞ തെരഞ്ഞെടുപ്പിലെ സ്ഥാനാർത്ഥിനിർണ്ണയത്തോടും കോൺഗ്രസ് കടുത്ത അനീതിയാണ് കാട്ടിയത്. ജന സംഖ്യയിൽ മൂന്നിലൊന്ന് വരുന്ന ഈഴവ/തീയ്യ സമുദായ അംഗങ്ങൾക്ക് സ്ഥാനാർത്ഥിത്വം അനുവദിച്ച് നൽകിയതുപോലും കേവലം 10 സീറ്റുകളിൽ മാത്രമാണ്. ഇതിൽ കേരള നിയമ സഭയിൽ എത്തിക്കുവാൻ കഴിഞ്ഞത് ഒരാളെ മാത്രമാണ് എന്നുള്ളതും പ്രസ്ഥാവ്യമാണ്. എന്നാൽ ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് 26 ഈഴവ/ തീയ സമുദായ അംഗങ്ങളെ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ നിയമ സഭയുടെ അകത്തളങ്ങളിൽ എത്തിക്കുവാൻ കഴിഞ്ഞു. ഇത് കോൺഗ്രസിന് നൽകുന്ന ദിശാസൂചന കൂടിയാണ്. തെറ്റുകൾ തിരുത്തുവാനും അടിസ്ഥാന വർഗത്തോട് നീതികാണിക്കുവാനും സംസ്ഥാനത്ത് പുതിയതായി അവരോധിക്കപ്പെട്ട കോൺഗ്രസ് നേതൃത്വത്തിന് കഴിയട്ടെ എന്ന് ആശംസിക്കുന്നു.

## ഉപസംഹാരം

ശ്രീനാരായണ ഗുരുദേവ തൃപ്പാദങ്ങളാൽ സ്ഥാപിതമായ എസ്.എൻ.ഡി.പി.യോഗമെന്ന നമ്മുടെ പ്രസ്ഥാനത്തിന് അതിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ കൂടുതൽ കൂടുതൽ പ്രസക്തമാകുന്ന അഭിമാന മുഹൂർത്തങ്ങൾക്ക് നാം സാക്ഷ്യം വഹിക്കുന്നു. എസ്.എൻ.ഡി.പി.യോഗം ഉയർത്തുന്ന സാമൂഹ്യനീതിയിലധിഷ്ഠിതമായ മുദ്യാവാക്യങ്ങൾ ഈ കാലഘട്ടത്തിന്റെ മുദ്യാവാക്യമായി മാറിയിരിക്കുന്നു. കഴിഞ്ഞ 25 വർഷക്കാലത്തെ നമ്മുടെ കൂട്ടായ പ്രവർത്തനം എസ്.എൻ.ഡി.പി.യോഗമെന്ന മഹാ പ്രസ്ഥാനത്തിന് കൈവരിക്കുവാൻ കഴിഞ്ഞ നേട്ടങ്ങൾ ഭൗതിക വളർച്ചയ്ക്ക് അപ്പുറം ഗുരുദേവ തൃപ്പാദങ്ങളുടെ വലിയ ദർശനവും സന്ദേശവും വലിയൊരു ജനസഞ്ചയത്തിന്റെ മനസ്സിൽ പ്രകാശ ഗോപുരം കണക്കെ പ്രതിഷ്ഠിക്കുവാൻ കഴിഞ്ഞു എന്നതാണ്. എസ്.എൻ.ഡി.പി.യോഗത്തിന്റെ സംഘടനാ ചട്ടക്കൂട് വിപുലീകരിക്കുവാനും ശക്തമാക്കുവാനും നമുക്ക് കഴിയും. കുടുംബയൂണിറ്റുകളും, മൈക്രോസംഘങ്ങളും, ശാഖായോഗങ്ങളും, യൂണിയനുകളും, പോഷക സംഘടനകളും അടങ്ങുന്ന എപ്പോഴും പ്രവർത്തന സജ്ജമായ സംഘടനാ ഘടകങ്ങൾ നമ്മെ അഭിമാനം കൊള്ളിക്കുന്നതാണ്. മൈക്രോഫിനാൻസ് പദ്ധതിയിലൂടെ നമുക്ക് നേടിയെടുക്കുവാൻ കഴിഞ്ഞ സാമ്പത്തിക വളർച്ച, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണത്തിലും ഭൗതിക സൗകര്യത്തിലുമുണ്ടായ

വലിയ കുതുച്ചുചാട്ടം, ഗുരുദേവ തൃപ്പാദങ്ങളെ ആരാധിക്കുവാനുള്ള ആരാധന കേന്ദ്രങ്ങളായി സ്ഥാപിക്കപ്പെട്ട ആയിരക്കണക്കിന് ഗുരുദേവ ക്ഷേത്രങ്ങൾ, പരസ്പര സ്നേഹത്തിലും വിശ്വാസ ത്തിലും അധിഷ്ഠിതമായ സംഘടനാ ബന്ധങ്ങൾ, ഈ നേട്ടങ്ങൾ നമുക്ക് സാധ്യമാകുന്നത് നമ്മളുടെ കൂട്ടായ പ്രവർത്തനത്തിന്റെ ഭാഗമാണ്. യോഗം ജനറൽ സെക്രട്ടറി എന്ന നിലയിൽ എന്റെ പ്രവർ ത്തനങ്ങൾക്ക് നിങ്ങളോരോരുത്തരും നൽകിയ സഹായങ്ങൾക്കും സഹകരണത്തിനും വിലയേറി യ നിർദ്ദേശങ്ങൾക്കും ഞാൻ നിങ്ങളോട് കടപ്പെട്ടിരിക്കുന്നു. എന്റെ എല്ലാ പ്രവർത്തനങ്ങൾക്കും നിർലോഭമായ പിൻതുണയും, പിൻബലവും നൽകികൊണ്ടിരിക്കുന്ന എസ്.എൻ.ഡി.പി.യോഗ ത്തിന്റ ബഹുമാന്യനായ പ്രസിഡന്റ് ഡോ.എം.എൻ.സോമൻ അവറുകൾ പ്രിയപ്പെട്ട യോഗം വൈസ് പ്രസിഡന്റ് ശ്രീ.തുഷാർ വെള്ളാപ്പള്ളി, സ്നേഹനിധിയായ ദേവസ്വം സെക്രട്ടറി ശ്രീ.അരയക്കണ്ടി സന്തോഷ്, എസ്.എൻ.ഡി.പി.യോഗം കൊൺസിൽ അംഗങ്ങൾ എസ്.എൻ.ഡി.പി.യോഗത്തിന്റെ ബഹുമാന്യനായ ലീഗൽ അഡ്വൈസർ അഡ്വ.രാജൻ ബാബു അവർകൾ, അഡ്വ.എ.നിസാർ അവർകൾ, മറ്റ് നിയമ ഉപദേഷ്ടാക്കൾ, എസ്.എൻ.ഡി.പി.യോഗം ഡയറക്ട് ബോർഡ് അംഗങ്ങൾ, അസിസ്റ്റന്റ് സെക്രട്ടറിമാർ, യോഗം ഇൻസ്പെക്ടിംഗ് ഓഫീസർമാർ, വനിതാസംഘം, യൂത്ത് മൂവ് മെന്റ്, സൈബർസേന ഉൾപ്പെടെയുള്ള പോഷകസംഘടനാ ഭാരവാഹികൾ, യൂണിയൻ നേതാക്ക ന്മാർ, യോഗ വാർഷിക പ്രതിനിധികൾ, ശാഖായോഗ നേതാക്കന്മാർ, എസ്.എൻ.ഡി.പി.യോഗം ജീവനക്കാർ, യോഗനാദം ഓഫീസ് ജീവനക്കാർ എന്നിവർക്കുള്ള എന്റെ നിസീമമായ നന്ദിയും കടപ്പാടും ഈ അവസരത്തിൽ ഞാൻ അറിയിക്കുന്നു. ഈ റിപ്പോർട്ടും വരവുചിലവു കണക്കു കളും, റവന്യു അക്കൗണ്ടും ബാക്കി പത്രവും ഇതിനോടൊപ്പം നിങ്ങളുടെ അംഗീകാരത്തിനായി സ മർപ്പിക്കുന്നു. ഗുരുദേവ തൃപ്പാദങ്ങളുടെ അനുഗ്രഹം നിങ്ങൾക്കേവർക്കും ഉണ്ടാകട്ടെ എന്ന് പ്രാർത്ഥനയോടെ.

പ്രാർത്ഥനയോടെ

കൊല്ലം

THE S.N.D.P. YOGAM OFFICE
QUILON

വെള്ളാപ്പള്ളി നേടേശൻ
ജനറൽ സെക്രട്ടറി